ഗർഷോം

പെരിങ്ങനാട് മർത്തശ്മൂനി ഓർത്തഡോക്സ് വലിയപള്ളി
(പൗരസ്ത്യ ശ്മൂനി തീർത്ഥാടന കേന്ദ്രം)

Vol : 20

"GARSHOM" - THE OFFICIAL SHMOONI PRAVASI FORUM BULLETIN

പാവന സ്മരണയ്ക്ക്



ടി.എം ഡാനിയേൽ

ഏലിയാമ്മ ഡാനിയേൽ

ജോർജ്ജ് ഡാനിയേൽ

അന്നമ്മ ജോർജ്ജ്

ഇടിക്കുള ഡാനിയേൽ

തറയിൽ തോട്ടത്തിൽ
കാഞ്ഞിരവിളയിൽ

The Malankara Orthodox Syrian Church
CATHOLICATE OF THE EAST

BASELIOS MARTHOMA MATHEWS III
CATHOLICOS OF
THE APOSTOLIC THRONE OF
ST. THOMAS
AND MALANKARA METROPOLITAN

CATHOLICATE PALACE
KOTTAYAM - 686 004
KERALA, INDIA

കർത്താവിൽ നമ്മുടെ പെരിങ്ങനാട് മർത്തശ്മൂനി ഓർത്തഡോക്സ് വലിയപള്ളി വികാരിക്കും ഭരണസമിതിക്കും വിശ്വാസി സമൂഹത്തിനും വാഴ്വ്.

അടൂർ കടമ്പനാട് ഭദ്രാസനത്തിലെ പെരിങ്ങനാട് മർത്തശ്മൂനി ഓർത്തഡോക്സ് വലിയപള്ളി അത് സ്ഥാപിതമായതിന്റെ 175-ാം വാർഷികം ആഘോഷിക്കുന്നു എന്നറിയുന്നതിൽ നാം അനല്പമായി സന്തോഷിക്കുന്നു. പൗരസ്ത്യ ശ്മൂനി തീർത്ഥാടന ദേവാലയം എന്ന നിലയിലും ദേശത്തിന്റെ ആധ്യാത്മിക കേന്ദ്രം എന്ന നിലയിലും കഴിഞ്ഞ 175 വർഷങ്ങൾ നീളുന്ന ചരിത്രവും മാർത്തോമൻ പൈതൃകവും ആധ്യാത്മിക ശുശ്രൂഷകളും തലമുറകളിലൂടെ കൈമോശം വരാതെ കാത്തുസൂക്ഷിക്കുവാൻ പെരിങ്ങനാട് മർത്തശ്മൂനി ഇടവക കാട്ടിയ ക്രൈസ്തവ വീര്യത്തിനും സാക്ഷ്യത്തിനും നാം നിങ്ങളെ അഭിനന്ദിക്കുന്നു. ജാതിമത ചിന്തകൾക്കു ഉപരിയായി സാഹോദര്യവും സൗഹാർദ്ദവും സമഭാവനയും ഊട്ടിയുറപ്പിക്കുവാനും നമ്മുടെ വരും തലമുറയെ വിശ്വാസത്തിലും വിശുദ്ധിയിലും വളർത്തിക്കൊണ്ടുവരുവാനും ഈ ചരിത്രമുഹൂർത്തത്തിൽ ഏവരും ശ്രദ്ധിക്കണം.

ഇടവകയുടെ 175-ാം വാർഷിക ആഘോഷങ്ങളുടെ ഭാഗമായി ആ ഇടവകയിലെ പ്രവാസി ഫോറത്തിന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്ന ഗർഷോം പത്രികയ്ക്ക് നമ്മുടെ പ്രാർത്ഥനകളും ആശംസകളും നേരുന്നു

ദൈവം അനുഗ്രഹിക്കട്ടെ,

ബസേലിയോസ് മാർത്തോമാ മാത്യൂസ്

Date : 11.01.2025

MALANKARA ORTHODOX SYRIAN CHURCH
DIOCESE OF ADOOR - KADAMPANAD
Dr. Zacharia Mar Aprem Metropolitan

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന പൗരസ്ത്യ ശ്മൂനി തീർത്ഥാടന കേന്ദ്രമായ പെരിങ്ങനാട് മർത്തശ്മൂനി ഓർത്തഡോക്സ് വലിയപള്ളി ഇടവക വികാരിയും ദേശത്തു പട്ടക്കാരും പള്ളി കൈസ്ഥാനികളും പ്രത്യേകാൽ പ്രവാസി ഫോറം പ്രവർത്തകരും ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ് !

അന്ധകാരത്തിൽ കഴിയുന്ന ജനതയ്ക്ക് തണ്ടിന്മേൽ കത്തിച്ചുവച്ച വിളക്കുപോലെ ആധ്യാത്മികയുടെയും ആശ്വാസത്തിന്റെയും വിശുദ്ധ വെളിച്ചം പകരുവാൻ നമ്മുടെ ഓരോ ദേവാലയത്തിനും കഴിയണം. ദൈവിക പ്രഭയിൽ മനവും തനുവും പ്രഭാപൂരിതമാകുന്നതാണ് വിശുദ്ധി. ഒരമ്മയും 7 മക്കളും അവരുടെ ഗുരുവും നമ്മുടെ തീർത്ഥാടന വഴിയിൽ ശോഭയാർന്ന വിളക്ക്പോലെ വെളിച്ചമേകുന്നു. അവരുടെ പിന്നടിയിൽ നന്മയുടെ, വിശുദ്ധിയുടെ കാരുണ്യത്തിന്റെ തിരിനാളമായി ജ്വലിക്കുവാൻ ഇടയാകട്ടെ ആ പുണ്യചരിതരുടെ പെരുന്നാൾ ആത്മശരീര മനസ്സുകളുടെ ശുദ്ധീകരണത്തിന് വഴിതെളിക്കട്ടെ. ശുദ്ധിമതിയായ മർത്തശ്മൂനി അമ്മയുടെയും അവളുടെ ഏഴ് മക്കളുടെയും ഗുരുവായ എലയാസറിന്റെയും നാമത്തിൽ സ്ഥാപിതമായ ആ ഇടവകയുടെ 175-ാം പെരുന്നാളിനോടനുബന്ധിച്ച് പ്രവാസി ഫോറത്തിന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്ന ഗർഷോം ബുള്ളറ്റിന് എല്ലാവിധമായ ആശംസകളും നേരുന്നു. അണിയറ ശില്പികളെ നാം അഭിനന്ദിക്കുകയും എല്ലാനന്മകളും ഉന്നതത്തിൽ നിന്ന് തമ്പുരാൻ ചൊരിഞ്ഞുതരട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ശേഷം പിന്നാലെ, ദൈവം അനുഗ്രഹിക്കട്ടെ.

ഡോ. സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്ത

എഡിറ്റോറിയൽ

പ്രിയ സ്നേഹിതരേ ,

ഏവർക്കും കർത്തൃനാമത്തിൽ സ്നേഹവന്ദനം. നാമേവരും ആവേശത്തോടെയും പ്രാർത്ഥനയോടെയും കാത്തിരുന്ന നമ്മുടെ ഇടവകയുടെ 175 -ാം വലിയ പെരുന്നാൾ സമാഗതം ആയിരിക്കുകയാണല്ലോ. ശുദ്ധിമതിയായ മർത്തശ്മൂനി അമ്മ യുടെ പെരുന്നാൾകൊണ്ടാടുന്ന ഈ അവസരത്തിൽ നമ്മുടെ ഇടവകയിലെ പ്രവാസി കൂട്ടായ്മയുടെ (ശ്മൂനി പ്രവാസി ഫോറം) ആഭിമുഖ്യത്തിൽ തയ്യാറാക്കപ്പെടുന്ന "ഗർഷോം ബുള്ളറ്റിൻ" മുൻകാലത്തിലെ പോലെ പെരുന്നാളിനോട് അനു ബന്ധിച്ചു അച്ചടി പതിപ്പായി പുറത്തിറക്കുവാൻ സാധിച്ചതിൽ സർവ്വേശ്വരനായ ദൈവത്തിനു അളവറ്റ നന്ദി പ്രകാശിപ്പിച്ചു കൊള്ളട്ടെ.

Isaiah 41:10 "ഭയപ്പെടേണ്ടാ, ഞാൻ നിന്നോടുകൂടെ ഉണ്ടല്ലോ, ഭ്രമിക്കേണ്ടാ, ഞാൻ നിങ്ങളുടെ ദൈവം ആകുന്നു; ഞാൻ നിന്നെ ശക്തിപ്പെടുത്തും, ഞാൻ നിന്നെ സഹായിക്കും, എന്റെ നീതിയുള്ള വലങ്കൈകൊണ്ട് നിന്നെ താങ്ങും." (Fear not, for I am with you; be not dismayed, for I am your God; I will strengthen you, I will help you, I will uphold you with my righteous right hand.) ഈ വാക്യത്തിലൂടെ തമ്പുരാൻ നമ്മോടു ഒരു തരത്തിലുള്ള ഭയവും നമുക്ക് ഉണ്ടാകരുത് എന്ന് ആവർത്തിച്ചു പറയുകയാണ്. ഈ ലോക ജീവിതത്തിന്റെ കയ്പ്പും, മധുരവും , നന്മയും, തിന്മയും എല്ലാം നാൾ തോറും അനുഭവിച്ചറിയുകയാണ് നാം. ചിലതു പേടിപ്പെടുത്തുന്നതും, ചിലതു വേദന ഉളവാക്കുന്നതും ആണ്. പല അവസരങ്ങളിലും തകർന്നു പോകാറുണ്ട് നാം. ഇങ്ങനെ ഉള്ള അവസരത്തിൽ തമ്പുരാന്റെ ഈ കരുതലിനെ നമുക്ക് നന്ദിയോടെ ഓർക്കാം. ഒരിക്കലെങ്കിലും ആ കരുതൽ അനുഭവിച്ചവരും ആണ് നാമെന്നു നിസ്സംശയം പറയാം. പാട്ടുകാരൻ ഓർമിപ്പിക്കുന്നത് പോലെ 'പെറ്റമ്മ മറന്നാലും മറക്കാത്ത സ്നേഹമാണ് 'തമ്പുരാൻ നമുക്കായി കാൽവരിയിലൂടെ യാഗമായി നൽകിയത്.

നമ്മുടെ ഓരോ പ്രതിസന്ധിയിലും ഈ വചനകളെ നമുക്ക് ധ്യാനിക്കാം. തന്ന ഓരോ അനുഗ്രഹങ്ങൾക്കും നന്ദിയുള്ളവർ ആയിരിക്കാം.

അചഞ്ചലമായ പ്രോത്സാഹനവും പ്രതിബദ്ധതയും കൊണ്ട് ഞങ്ങളുടെ യാത്രയ്ക്ക് ഉർജ്ജം പകരുന്ന ഞങ്ങളുടെ സമർ പ്പിത പിന്തുണക്കാർക്ക് പ്രത്യേകാൽ അഭിനന്ദനം അറിയിച്ചു കൊള്ളുന്നു.

നവസഹദേരുടെ മധ്യസ്ഥത്തിൽ അഭയപ്പെട്ടുകൊണ്ട് 'ഗർഷോം മാഗസിൻ' നിങ്ങളുടെ ഏവരുടെയും സമക്ഷം വായനക്കായി സമർപ്പിച്ചുകൊള്ളുന്നു..

എന്ന് സ്നേഹത്തോടെ ,

അനു എബ്രഹാം
ചീഫ് എഡിറ്റർ

ഇതളുകൾ

ഗുരുമൊഴി	07
No more beyond	08
പെരിങ്ങനാട് ഇടവക – ആദ്യകാല അനുഭവങ്ങൾ	09
ചുവടുകൾ	11
വെളിച്ചം പകരുന്ന വഴിവിളക്കുകൾ	12
ഒരല്പം ജോർജ്ജ്കുട്ടി ടോക്സ്	13
സപ്തവർണ്ണ ശലഭം	15
ദൈവത്തിൽ ആശ്രയിക്കുമ്പോൾ	16
ഓർത്തഡോക്സ് ഡെയ്സിസ് ഐക്കൺ	18
പുസ്തക പരിചയം	20
റിപ്പോർട്ട്	22
അന്നം ഔഷധം. സൺഡേ ക്ലിനിക്ക്	23
ഇടവക വാർത്തകൾ	26

എഡിറ്റോറിയൽ ടീം

റവ.ഫാ.തോമസ് പി. മുകളിൽ
പ്രസിഡന്റ്

അനിൽ ജോൺ
വൈസ് പ്രസിഡന്റ്

ജോബിൻ ജോൺ
സെക്രട്ടറി

രേഖ സുനിൽ
സബ് എഡിറ്റർ

ജിക്കു വർഗ്ഗീസ്
ട്രഷറാർ

ബൈജു ഡാനിയേൽ
ജോ. സെക്രട്ടറി

ശ്രീ. ആന്റോ ആന്റണി
എം.പി.
ലോക്സഭ

ANTO ANTONY
Member of Parliament
(Lok Sabha)
Pathanamthitta

Member :
- Standing Committee on Transport, Tourism & Culture
- Committee on Petitions
- Consultative Committee on Minority Affairs

ആശംസ

പത്തനംതിട്ട
09, ജനുവരി 2025

പൗരസ്ത്യ ശ്മൂനി തീർത്ഥാടന കേന്ദ്രമായ പെരിങ്ങനാട് മർത്തശ്മൂനി ഓർത്തഡോക്സ് വലിയപള്ളിയുടെ 175മത് പെരുന്നാളിന് ഹൃദയപൂർവ്വം എല്ലാവിധ ആശംസകളും അറിയിക്കുന്നതിൽ അതിയായ സന്തോഷമുണ്ട്. പാരമ്പര്യമായ ഈ ആഘോഷം തലമുറകളായി ഈ വിശുദ്ധയാത്രയുടെ ഭാഗമാകുന്ന വിശ്വാസികളുടെ ശക്തമായ ഭക്തിയുടെയും വിശ്വാസത്തിന്റെയും സാക്ഷ്യമായി നിലകൊള്ളുന്നു. മർത്തശ്മൂനി വലിയപള്ളി പ്രാർത്ഥനയിലൂടെ ജനങ്ങളെ ഐക്യപ്പെടുത്തുന്ന ആത്മീയശക്തിയുടെ ഒരു കനലായും ആശ്വാസത്തിന്റെയും വിശ്വാസത്തിന്റെയും കേന്ദ്രമായും നിലകൊള്ളുന്നു. ഈ തീർത്ഥാടനവും അതിന്റെ ചരിത്രപരമായ പാരമ്പര്യവും അനുസ്മരിക്കുകയും ധാർമികതയുടെ പാതയിൽ പുതുക്കപ്പെട്ട പ്രതിബദ്ധതയിലേക്ക് വിശ്വാസികളെ പ്രചോദിപ്പിക്കുകയും ചെയ്യുന്നു.
അതോടൊപ്പം ഇടവകയിലെ പ്രവാസികൂട്ടായ്മയായ ശ്മൂനി പ്രവാസി ഫോറത്തിന്റെ നേതൃത്വത്തിൽ എല്ലാമാസവും ഇറങ്ങുന്ന ബുള്ളറ്റിനും എന്റെ ഹൃദയപൂർവ്വമായ ആശംസകൾ അറിയിക്കുന്നു. പ്രവാസികൾക്ക് അവരുടെ സംസ്കാരത്തോടും ആത്മീയ മൂല്യങ്ങളോടും ബന്ധിപ്പിക്കുന്ന ഒരു വേദിയായി ഈ ബുള്ളറ്റിൻ പ്രവർത്തിക്കുന്നതും പ്രവാസ സമൂഹത്തിനിടയിൽ ഐക്യവും ബോധവും ഉണർത്തുന്നതും പ്രശംസനാർഹമാണ്.

പ്രാർത്ഥനകളോടും ആശംസകളോടും നിങ്ങളുടെ സ്വന്തം

ആന്റോ ആന്റണി

ശ്രീ. ചിറ്റയം ഗോപകുമാർ
ഡെപ്യൂട്ടി സ്പീക്കർ
കേരള നിയമസഭ

ചിറ്റയം ഗോപകുമാർ
ഡെപ്യൂട്ടി സ്പീക്കർ
കേരള നിയമസഭ

ആശംസ

പൗരസ്ത്യ ശ്മൂനി തീർത്ഥാടന കേന്ദ്രവും ഭാരതത്തിലെ പ്രഥമ ശ്മൂനി ദേവാലയുമായ അടൂർ പെരിങ്ങനാട് മർത്തശ്മൂനി ഓർത്തഡോക്സ് വലിയപള്ളിയുടെ ശതോത്തര പഞ്ചസപ്തതി പെരുന്നാളിന് എല്ലാവിധമായ ആശംസകളും നേരുന്നതിനോടൊപ്പം പെരുന്നാളിനോടനുബന്ധിച്ച് ദേവാലയത്തിലെ പ്രവാസി അംഗങ്ങളുടെ കൂട്ടായ്മയായ ശ്മൂനിപ്രവാസി ഫോറം ഓൺലൈൻ ബുള്ളറ്റിനായ ഗർഷോം സ്പെഷ്യൽ പ്രിന്റ് എഡിഷനും ആശംസകൾ നേരുന്നു.

CHITTAYAM GOPAKUMAR
DEPUTY SPEAKER

ഫോൺ: 0471-2513008, 2513009, 2305031
ഫോൺ: 0471-2512263, 2512154 Mob.: 9847018731
ഇ-മെയിൽ : dy-speaker@niyamasabha.nic.in
ഫാക്സ്: 0471-2512596

ആശംസകളോടെ...

RAMTHER POWER
TECHNOLOGY PVT LTD
NEAR OBRON MALL, EDAPALLY,KOCHI
BRANCH TB ROAD KANHANGAD

RAMTHER

വീട്ടിൽ സോളാർ
സ്ഥാപിക്കാൻ
ഇനി ഒട്ടും മടിക്കേണ്ട!!!!

ഈ പേജും,
കറന്റ് ബില്ലിന്റെ
ഫോട്ടോയും ഞങ്ങൾക്ക്
വാട്സ്ആപ്പ് ചെയ്യു.

കേന്ദ്ര ഗവൺമെന്റ് സബ്സിഡി 78,000 രൂപ

കൂടാതെ

3 കിലോ വാട്ടിന് 5000 രൂപ ഡിസ്കൗണ്ടും
5 കിലോ വാട്ടിന് 8000 രൂപ ഡിസ്കൗണ്ടും
അതോടൊപ്പം ഒരു സോളാർ സ്ട്രീറ്റ് ലൈറ്റ്
തികച്ചും സൗജന്യം

175-ാം പെരുന്നാൾ
SPECIAL OFFER

6 വർഷത്തിൽപരം സേവന പാരമ്പര്യം ഗവണ്മെന്റ് അംഗീകൃത ഏജൻസി

ALL KERALA SERVICE AVAILABLE

Whatsapp number
9249 097 282

ramther.pvtltd@gmail.com
www.ramther.com

ഗുരുമൊഴി

പരിസരം മറന്നുള്ള പരിണിതികൾ

റവ. ഫാ. തോമസ് പി. മുകളിൽ

”മൊട്ടത്തലയാ കയറിവാ (2 രാജാ. 2:24)”.

ആനുകാലിക സാഹചര്യത്തിൽ ബോഡി ഷെയ്മിങ് എന്നൊക്കെ പറഞ്ഞ് കുറ്റം ചാർത്താൻ കഴിയുന്ന ഒരു വകുപ്പാണിത്. വേദഗ്രന്ഥത്തിൽ ഏലീശാ പ്രവാചകനെ കുട്ടികൾ പരിഹസിക്കുന്ന രംഗമാണ്.

എന്തു ചിന്തിക്കുന്നു എന്നതല്ല, മറിച്ച് എങ്ങനെ ചിന്തിക്കാൻ കഴിയാതെ പോകുന്നു എന്നതാണ് ഇവിടുത്തെ പ്രശ്നം. ഒരു മനുഷ്യന്റെ കർമ്മവഴികളെ തിരിച്ചറിയാതെ അയാളുടെ തലയും മുടിയും നീളവുമൊക്കെ അളന്ന് രസം കണ്ടെത്തുന്ന കുട്ടിക്കൂട്ടം.

ആകാശത്തിലെ പറവകളെ നോക്കുക. വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല, കളപ്പുരകളിൽ ശേഖരിക്കുന്നില്ല എന്ന് ക്രിസ്തു. ചെലവേറിയ പ്രോസസ്സിംഗ് ഇല്ലാതെയും സുഭിക്ഷമായി കഴിയുന്ന ഒരു വിഭാഗം ജീവജാലങ്ങൾ. ഒരു സമാന്തര ലോകത്തെ കാണാതെ പോകരുത് എന്നാണ് എല്ലാ ഗുരുക്കന്മാരും ദൈവപുത്രന്മാരും പറയുന്നത്. കയറഴിച്ചു പോകുന്ന പശുവിന്റെ ചാണകം വാരേണ്ട, സൂക്ഷിച്ചു നോക്കൂ, താഴെയും പൂക്കൾ വിരിഞ്ഞു നിൽപ്പുണ്ട് എന്ന് പറഞ്ഞ സ്വാമി നിത്യചൈതന്യയതിയെ ഓർക്കുന്നു.

നിരീക്ഷണങ്ങളും ചിന്തകളും ചുറ്റുപാടുകളുമായി കോർത്തിണക്കാൻ കഴിവുള്ള മനുഷ്യന് അപ്രകാരം ഒരു ഓറിയന്റേഷൻ കൊടുക്കുവാന് ആർക്കുമേ കഴിയുന്നില്ല എന്നതാണ് വാസ്തവം.

സ്വജാതിയ്ക്ക് നേരിട്ട് പീഡനം ചെറുത്ത രാജകുമാരനിലൂടെ ‘മോശ’യെന്ന പ്രവാചകൻ സൃഷ്ടിക്കപ്പെട്ടു. അകാലമരണം സൃഷ്ടിച്ച ചില ചോദ്യങ്ങൾ പ്രയാണങ്ങൾ ഒക്കെ സിദ്ധാർത്ഥനെ ശ്രീബുദ്ധനാക്കി മാറ്റി.

സമയം എങ്ങനെ മെനക്കെടുത്തണമെന്ന് യാതൊരു ബോധവുമില്ലാത്ത ഒരു തലമുറ പാതിരാത്രിയിലും ഗുരുസ്ഥാനീയരുടെ സ്റ്റിക്കറുകൾ ഉണ്ടാക്കി പങ്കുവെച്ച് പരിഹസിക്കുന്നതാണ് ആധുനിക പരിസരം. പരിസരങ്ങൾ സൃഷ്ടിക്കുന്ന ഉന്നതചിന്തകൾ സമാനതകളില്ലാത്ത തലമുറകളെ വാർത്തെടുക്കും എന്നിരിക്കെ, പ്രത്യാശക്ക് യാതൊരു വകയുമില്ലാത്ത സ്ഥലജലവിഭ്രമമാണ് ചുറ്റും. സ്വന്തം തലയിലും കോലങ്ങളിലും ഒടുങ്ങിപ്പോകുന്നു അവരുടെ ചരിത്രം.

ജീവിതം എന്ന മഹത്തായ ഇതിഹാസത്തെ അവധാനതയോടെ കാണാൻ കഴിയാത്തവർക്കരികേ കരടികൾ മാത്രം! ശേഷം വേദപുസ്തകം വായിക്കുക.

NO MORE BEYOND

റവ.ഫാ. ഷിജു ബേബി

(യെശയ്യാവ് 43:23)

നീ വെള്ളത്തിൽ കൂടി കടക്കുമ്പോൾ ഞാൻ നിന്നോട് കൂടി ഇരിക്കും; നീ നദികളിൽ കൂടി കടക്കുമ്പോൾ അവൻ നിന്റെ മീതേ കവിയുകയില്ല. നീ തീയിൽ കൂടി നടന്നാൽ വെന്തുപോകയില്ല; അഗ്നിജ്വാല നിന്നെ ദഹിപ്പിക്കുകയുമില്ല. നിന്റെ ദൈവവും ഇസ്രായേലിന്റെ പരിശുദ്ധനുമായ യഹോവ എന്ന ഞാൻ നിന്റെ രക്ഷകൻ.

അമേരിക്കൻ ചരിത്രത്തെ സ്വാധീനിക്കാൻ ഒരു പാറക്ക് സാധിച്ചു എന്ന് പറഞ്ഞാൽ വിശ്വാസമാകുമോ? പക്ഷെ ചരിത്രം അങ്ങനെയാണ്..!
ജിബ്രാർട്ടർ പാറ, സമുദ്രത്തിൽ സ്ഥിതിചെയ്യുന്ന ഒരു വലിയ പാറയാണ്. അതി വിശാലമായ മതിലുപോലെ ഉണ്ടായിരുന്ന ഈ പാറയിൽ തട്ടി തിരമാലകൾ ഉയർന്ന് അടിക്കുന്നതു മൂലം അതുവഴി കപ്പലുകൾക്ക് പോലും പോകാൻ പറ്റാത്ത സ്ഥിതിയാണ്. എന്നാൽ ഈ പാറയ്ക്ക് അപ്പുറത്ത് എന്താണെന്ന് അറിയാൻ ഏവർക്കും ആകാംക്ഷയും ഉണ്ടായിരുന്നങ്കിലും അപകടം നിറഞ്ഞ ഒരു പ്രവർത്തി ആയിരുന്നതിനാൽ ആരും അതിന് മുതിർന്നിരുന്നില്ല. എന്നാൽ ഒരുബുദ്ധിമാനായ കപ്പിത്താൻ ഉയർന്ന തിരമാലകൾ ഇല്ലാത്ത സമയത്ത് ഈപാറയുടെ അടുത്തെത്തി ഇപ്രകാരംഎഴുതി ‘ No more beyond’ അതായത് ഇതിന് അപ്പുറം ഒന്നുമില്ല. ഇനിയും ആരെങ്കിലും വന്ന് അപകടം പറ്റാതെ ഇരിക്കാൻ അദ്ദേഹം കുറിച്ച വാക്കുകളായിരുന്നു അത്.

അങ്ങനെ ഇരിക്കെ, ക്രിസ്ത്യൻ യഹൂദ മതവിശ്വാസികൾ യൂറോപ്പ് വിട്ടു പോകണമെന്നുള്ള കർക്കശ്യമായ ഒരുനിയമം അന്നത്തെ ഭരണാധികാരികൾ ഉണ്ടാക്കി. അതിനെ തുടർന്നു യൂറോപ്പിൽനിന്ന് പലായനം ചെയ്ത് എത്തിച്ചേരുവാൻ മറ്റ് സ്ഥലങ്ങൾ ഇല്ലാതെ ഇവർ പ്രയാസത്തിലായി. അങ്ങനെ ബുദ്ധിമുട്ടിലായിരിക്കുന്ന സമയത്ത് ക്രിസ്റ്റഫർ കൊളംബസ് ഏറെ ത്യാഗം സഹിച്ച് ഈ ജിബ്രാർട്ടർ പാറയുടെ മറുപുറം എത്തി. അതൊരു ചരിത്രമായിമാറി, അങ്ങനെ അമേരിക്ക കണ്ടെത്തി. അദ്ദേഹം തന്റെ ചരിത്ര ദൗത്യത്തിന് ശേഷം തിരികെയെത്തി. ജിബ്രാർട്ടർ പാറയിൽ മുൻപ് എഴുതിയത് തിരുത്തി. " No more beyond " എന്ന് എഴുതിയതിൽ No എന്നുള്ളത് മായിച്ചുകളഞ്ഞു കൊണ്ട് "more beyond " എന്നാക്കിമാറ്റി. അതായത് ഇതിന് അപ്പുറം കൂടുതൽ കാര്യങ്ങൾ ഉണ്ട്.

എന്റെ പ്രിയപ്പെട്ട പ്രവാസി സഹോദരങ്ങളോട് ഏറെ സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നത്, നിങ്ങൾ ഇപ്പോൾ ജന്മനാടും വീടും വേണ്ടപ്പെട്ടവരെയും വിട്ട് ജീവിതം കരുപിടിപ്പിക്കാനായി വിവിധ സ്ഥലങ്ങളിൽ ആയിരിക്കുന്നു. ദൈവം ഈ നാടിന്റെ അപ്പുറത്തേക്ക് നിങ്ങളെ കൊണ്ടുപോയത് ദൈവപദ്ധതിയാണ്. "more beyond " കുറെകാര്യങ്ങൾ ചെയ്യുവാനും കണ്ടെത്തുവാനും അവന് പദ്ധതിയുണ്ട്. നിങ്ങൾ എവിടെ ആയിരുന്നാലും ദൈവകൃപ ഒപ്പമുണ്ടാകട്ടെ. ആദ്യവാക്യത്തിൽ സൂചിപ്പിച്ചപോലെ സർവ്വശക്തന്റെ കരങ്ങൾ നിങ്ങളോട് കൂടെ ഇരുന്ന് അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നതിനോടൊപ്പം ഗർഷോം പ്രിന്റഡ് എഡിഷന് എല്ലാവിധ ആശംസകളും നേരുന്നു.



പെരിങ്ങനാട് ഇടവക ശുശ്രൂഷയുടെ ആദ്യകാല അനുഭവങ്ങൾ

ഫാ. ജോർജ്ജ് വർഗ്ഗീസ്

ഭാഗ്യസ്മരണാർഹനായ കൊല്ലം ഭദ്രാസന മെത്രാപ്പോലീത്ത മാത്യൂസ് മാർ കൂറീലോസ് തിരുമേനിയുടെ കൽപ്പനപ്രകാരം പെരിങ്ങനാട് മർത്തശ്മൂനി ഇടവകയിലേക്ക് പി. വി. ഏലിയാസ് അച്ചന്റെ സഹ വികാരിയായി ഞാൻ നിയമിതനാകുന്നത് (1983). വെട്ടിയാർ താന്നിക്കുന്ന് പള്ളിയിൽ മാസം ഒരാഴ്ചയും മറ്റുള്ള ആഴ്ചകൾ പെരിങ്ങനാട് പള്ളിയിലും. ഒരർത്ഥത്തിൽ പെരിങ്ങനാട് മർത്തശ്മൂനി പള്ളിയാണ് എന്റെ വൈദിക ശുശ്രൂഷ രൂപീകരണ കേന്ദ്രം എന്നുപറയാം. കാരണം ഇടവക ശുശ്രൂഷ രംഗത്തെ പ്രാഥമിക പ്രായോഗിക അഭ്യസനം പെരിങ്ങനാട്, വെട്ടിയാർ പള്ളികളിലെ ശുശ്രൂഷ അനുഭവങ്ങൾ ആണ് പകർന്ന് നൽകിയത്. ഇത്തരുണത്തിൽ മനസ്സിലേക്ക് കടന്നുവരുന്നത് അക്കാലത്തെ ഭദ്രാസന മെത്രാപ്പോലീത്താമാരുടെ കൽപ്പനകളിലെ ഔപചാരികതയും വ്യക്തി ബന്ധത്തിന്റെ സുഗന്ധവും ഊഷ്മളതയും ആണ്. അന്ന് അതൊരു പ്രത്യേകതയായി തോന്നിയിരുന്നില്ലെങ്കിലും പിന്തിരിഞ്ഞു നോക്കുമ്പോൾ വെളിവാകുന്നത് അന്നത്തെ തിരുമേനിമാരുടെ അതുല്യമായ ശ്രേഷ്ഠതയും മഹത്വവും ആണ്. കൽപ്പനകൾ എത്ര ദൈർഘ്യം ഉള്ളതായാലും അവ സ്വന്തം കൈപ്പടയിൽ എഴുതുന്നു. ആയതിന്റെ കോപ്പി കൽപ്പന ബുക്കിൽ പകർത്തി എഴുതുന്നത് സെക്രട്ടറിമാരാണ്. വികാരിമാരെ പള്ളികളിലേക്ക് നിയോഗിക്കുമ്പോൾ അവർക്ക് ആവശ്യമായ നിർദ്ദേശങ്ങളും ഉപദേശങ്ങളും ചിലപ്പോൾ മുന്നറിയിപ്പുകളും വാമൊഴിയായും നൽകും. ഓരോ പട്ടക്കാരന്റെയും സാധ്യതകളും ന്യൂനതകളും വ്യക്തമായി വായിച്ചറിഞ്ഞിട്ടുണ്ടാവും. അപ്രകാരം ഓരോ ഇടവകയുടെയും അവയിലെ അംഗങ്ങളുടേയും. പെരിങ്ങനാട് പള്ളിയിലേക്കുള്ള കൽപ്പന (സഹവികാരിയായി) നൽകിയിട്ടു പറഞ്ഞത് ഏതാണ്ട് ഇങ്ങനെ, 'എടോ തന്നെ ഏലിയാസ് അച്ചന്റെ കൂടെയാണ് വിടുന്നത്. അച്ചനോട് ചേർന്ന് വിധേയപ്പെട്ട് ഒക്കെ പോകണം. പള്ളികാര്യങ്ങൾ ശ്രദ്ധയോടെ നോക്കണം'. താന്നിക്കുന്ന് പള്ളിയിൽ വികാരി ആയിട്ടായിരുന്നു നിയമനം. കൽപ്പന നൽകിയിട്ട് പറഞ്ഞത് 'വലിയ സൗകര്യമൊന്നും ഉള്ള പള്ളി അല്ല. 23 വീട്ടുകാരെ ഉള്ളൂ. ഒരു ഞായറാഴ്ചയെ അവിടെ തവണ ഉള്ളൂ. എങ്കിലും ഇടയ്ക്ക് ആവശ്യങ്ങൾ വന്നാൽ വീഴ്ച കൂടാതെ ചെയ്യണം'. കൽപ്പനയിൽ തന്നെ ചാരുംമൂട് വഴിയും പന്തളം വഴിയും പള്ളിയിൽ എത്തിച്ചേരാം എന്നുള്ള മാർഗത്തിന്റെ ലഘുവിവരണവും എഴുതി തന്നു. പന്തളം മാവേലിക്കര റൂട്ടിൽ വെട്ടിയാർ പോസ്റ്റ് ഓഫീസിന് അടുത്ത് ഇറങ്ങി തെക്കോട്ട് നടന്നാൽ പള്ളിയിൽ എത്താം. അല്ലെങ്കിൽ ചാരുംമൂട് മാങ്കാംകുഴി റൂട്ടിൽ പള്ളിമുക്കിൽ ഇറങ്ങി കിഴക്കോട്ട് നടന്നാൽ പള്ളിയിൽ എത്താം. കൂടുതൽ എന്തെങ്കിലും അറിയണമെങ്കിൽ വന്ദ്യ ഗീവർഗീസ് അച്ചനുമായി (അവിടെ നിന്ന് സ്ഥലം മാറിപ്പോകുന്ന അച്ചൻ) ബന്ധപ്പെടണം (കൂടെ അച്ചന്റെ ലാൻഡ്ഫോൺ നമ്പറും). തന്റെ വൈദികരോടും ഇടവകകളോടും ഉള്ള അദ്ദേഹത്തിന്റെ കരുതലും ശ്രദ്ധയും എത്രയോ മഹത്തരമായിരുന്നു!

മലങ്കരസഭയിൽ, വൈദികരുടെ സംഖ്യയിലുള്ള കുറവുമൂലം പല പള്ളികളിലും മാസം നാലും ഞായറാഴ്ചകളിലും ആരാധന നടത്താൻ ഉണ്ടായിരുന്ന ബുദ്ധിമുട്ട് കണക്കിൽ എടുത്ത്, പരിശുദ്ധ സുന്നഹദോസ് ഞായറാഴ്ച സന്ധ്യാനമസ്കാരത്തെ തുടർന്ന് വിശുദ്ധ കുർബാന അർപ്പിക്കണം എന്നും 1981ൽ ഒരു തീരുമാനം എടുത്തു. അങ്ങനെ ആദ്യമായി വിശുദ്ധ കുർബാന അർപ്പിക്കപ്പെട്ടത് പെരിങ്ങനാട് മർത്തശ്മൂനി പള്ളിയിലായിരുന്നു, അർപ്പിച്ചത് അഭിവന്ദ്യ കൂറിലോസ് തിരുമേനിയും. അന്ന് ജോൺ ചാക്കോ അച്ചനും ഞാനുമായിരുന്നു സെക്രട്ടറിമാർ. അത് ഒരു ഒരു നൂതന അനുഭവമായിരുന്നു.

പീടികയിൽ പി.വി. ഏലിയാസച്ചനോടൊപ്പം എട്ടു വർഷത്തോളം പെരിങ്ങനാട് പള്ളിയിലും കരുവാറ്റ പള്ളിയിലും ശുശ്രൂഷയിൽ ആയിരിക്കുവാൻ ഇടയായി എന്നുള്ളതും സംതൃപ്തി ദായകമായ ഒരു അനുഭവം ആയിരുന്നു. അച്ചൻ ആനന്ദപള്ളിയിൽ ഞങ്ങളുടെ വികാരിയും ആയിരുന്നു. അതിനുമുമ്പ് അച്ചന്റെ ഹൃദയശസ്ത്രക്രിയ 1990 ൽ ചെന്നൈയിൽ Vijaya hospital ൽ നടന്നപ്പോൾ (ഡോ. കെ. എം. ചെറിയാൻ) ആവുംവണ്ണം സഹകരിക്കുവാനും മൂന്ന് ദിവസം അവിടെ സഹായിയായി ഓപ്പറേഷൻ സമയത്ത് പോയി നിൽക്കുന്നതിനും സാധിച്ചു എന്നുള്ളതും ചാരിതാർത്ഥ്യം നൽകുന്നു. "ഒരു മകൻ ചെയ്യേണ്ട കാര്യമാണല്ലോ അച്ചൻ ചെയ്യുന്നത്" എന്ന് അച്ചൻ പറഞ്ഞപ്പോൾ "മകനായിട്ട് തന്നെ കണ്ടാൽമതി" എന്ന് ഞാൻ മറുപടി പറഞ്ഞതും കാതുകളിൽ പ്രതിധ്വനിക്കുന്നുണ്ട് ഇപ്പോഴും.

പെരിങ്ങനാട് പള്ളിയിൽ ഞാൻ ശുശ്രൂഷ ചെയ്യുമ്പോൾ (അതിനുമുമ്പും) മാറ്റമില്ലാതെ ട്രസ്റ്റിയായി പ്രവർത്തിച്ചത് തെക്കുംമുറിയിൽ ലൂക്കോസ്സച്ചന്റെ മകൻ ജോൺലൂക്കോസ് (അച്ചൻകുഞ്ഞ്) ആയിരുന്നു. സെക്രട്ടറിമാർ മാറിമാറി വന്നാലും ട്രസ്റ്റിയായി അച്ചൻകുഞ്ഞ് തന്നെ ഇരിക്കണമെന്ന് ഇടവക പൊതുയോഗത്തിൽ നിർബന്ധമായിരുന്നു. അദ്ദേഹത്തിന്റെ

വാക്കുകൾക്ക് എപ്പോഴും ഒരു സ്വീകാര്യത ഉണ്ടായിരുന്നു. വൈദികരോട് ഒരു പ്രത്യേക സ്നേഹവും കരുതലും അദ്ദേഹത്തിന് ഉണ്ടായിരുന്നു. ഈസ്റ്ററിനും ക്രിസ്തുമസിനും ആരാധനാനന്തരം അച്ചന്മാർക്ക് അദ്ദേഹത്തിന്റെ ഭവനത്തിൽ ആയിരുന്നു രുചിയൂറുന്ന വിഭവസമൃദ്ധമായ പ്രഭാതഭക്ഷണം.

ശനിയാഴ്ചകളിൽ വൈകിട്ട് മൂന്നര മണിയോടെ എന്റെ ഭവനത്തിൽനിന്നും പള്ളിയിലേക്ക് പുറപ്പെടും. അടൂർ വരെ ബസ്സിലും അവിടെ നിന്ന് മിക്കപ്പോഴും നടന്നു പള്ളിയിൽ എത്തും. (45 മിനിറ്റ് നടപ്പുണ്ട്) ഓടിട്ട പഴയ പള്ളിയും വടക്ക് കിഴക്ക് ഭാഗത്തുള്ള പള്ളികെട്ടിടവും ആണ് അന്നുണ്ടായിരുന്നത്. രാത്രി ആ കെട്ടിടത്തിലാണ് ഉറക്കം. കൂട്ടായി ശുശ്രൂഷകൻ കടുവിനാൽ തങ്കച്ചനും പിന്നീട് സജിയും കുറെ എലികളും ഉണ്ടാവും. വൈകിട്ട് ചായയും അത്താഴവും പുത്തൻ വീട്ടിൽ വടക്കേതിൽ ഉണ്ണ്യുണ്ണ്യി അച്ചായന്റെ ഭവനത്തിൽ നിന്ന് കൊണ്ടുവരുമായിരുന്നു. വിശുദ്ധ കുർബാനാനന്തരം ഉച്ചയ്ക്കുള്ള ഭക്ഷണം മിക്കപ്പോഴും മറ്റേതെങ്കിലും ഭവനത്തിൽനിന്നും ആയിരിക്കും. ഇടയ്ക്ക് കുട്ടികൾ ചിലപ്പോൾ സ്നേഹത്തിൽ പൊതിഞ്ഞ് എന്തെങ്കിലും സ്നാക്സ്, വീട്ടിൽ ചുട്ടുതല്ലിയ പറങ്കിയണ്ടി തുടങ്ങിയവയും എത്തിക്കും. ദൈവമേ ആ വിധത്തിലും എത്രപേരോടും കടപ്പെട്ടിരിക്കുന്നു! നന്ദിയോടെ വിനയപുരസരം അവരെയൊക്കെ ഒന്നുകൂടെ സ്തുതിക്കട്ടെ. പെരിങ്ങനാട് പള്ളിയിലെ ആരാധനയുടെ ഒരു പ്രത്യേകത, വി. മദ്ബഹ ശുശ്രൂഷകരുടെ ഗണത്തിൽ പ്രായവും പക്വതയും ഉള്ള മൂന്നാല്പേർ ഉണ്ടായിരുന്നു എന്നുള്ളതാണ്. മിക്കവരും എന്റെ പിതാവിനെക്കാൾ പ്രായമുള്ളവർ. ഒരു കൊച്ചച്ചൻ ആയിരുന്ന എനിക്ക് അവരിൽ നിന്നും വളരെ കാര്യങ്ങൾ പഠിക്കുവാനും ഗ്രഹിക്കുവാനും കഴിഞ്ഞു എന്നത് സ്മരിക്കുന്നു. (കോലടത്തേത്ത് ഉമ്മച്ചായൻ, വിളയിൽ കുട്ടിച്ചായൻ മകൻ കുഞ്ഞുകുഞ്ഞ്, തെക്കുമുറി അച്ചൻകുഞ്ഞ് തുടങ്ങിയവർ സ്മരണയിൽ വരുന്നു. ജൂനിയർ ഗണത്തിൽ കുളത്തിൻകരോട്ട് ഗീവർഗീസ്, കൊച്ചുവിളയിൽ രാജു, ജോസ്, വിൽസൺ, ചക്കിട്ടടത്ത് ജോൺസൺ, പുത്തൻ വീട്ടിൽ വടക്കേതിൽ തമ്പി തുടങ്ങിയവരും) ശുശ്രൂഷയിൽ ഉണ്ടായിരുന്നില്ലെങ്കിലും തേവരുവിളയിൽ സ്കറിയാച്ചന്റെ ഉപദേശങ്ങളും മാർഗനിർദ്ദേശങ്ങളും വിലപ്പെട്ടവയായിരുന്നു എന്നതും ഓർക്കുന്നു.

പള്ളി ആരാധനയിൽ വിശ്വാസികളുടെ സജീവ പങ്കാളിത്തം ഉണ്ടായിരുന്നു. ആരാധനാഗീതങ്ങൾ ഭംഗിയായി ചേർന്ന് ചൊല്ലുന്ന ഒരുകൂട്ടം ആളുകൾ - മുഖ്യമായും പെൺകുട്ടികൾ - ഉണ്ടായിരുന്നതും ഓർക്കുന്നു. തേവരുവിളയിൽ ബേബി, ലാലി, ലീല, അച്ചൻകുഞ്ഞ്, പുത്തൻ പറമ്പിൽ അമ്മിണി, കുളത്തിൻ കരോട്ട് ഗീവർഗീസ്, പുത്തൻ വീട്ടിൽ വടക്കേതിൽ തമ്പി എന്നിവർ ഓർമ്മയിൽ ഉള്ള ചിലരാണ്. നമ്മുടെ സഭയിലേയും ഇതര സഭാ വിഭാഗങ്ങളിലെയും ആവശ്യങ്ങൾക്ക് ഛായാചിത്രങ്ങൾ തയ്യാറാക്കി നൽകുന്ന ആർട്ടിസ്റ്റ് കെ.എസ്. രാജൻ പെരിങ്ങനാട് മർത്തശ്മൂനി പള്ളി അംഗമാണ് എന്നുള്ളതും അഭിമാനകരമാണ്.

കാര്യമായ വരുമാനം ഒന്നുമില്ലാത്ത പള്ളിയുടെ വക ചെറുപുഞ്ച ഭാഗത്ത് സ്ഥിതി ചെയ്യുന്ന രണ്ടരഏക്കറോളം വരുന്ന വസ്തുവിലും പള്ളിക്ക് ചുറ്റുമായിട്ടുള്ള സ്ഥലത്തും 500ൽപരം റബർ തൈകൾ നട്ടതും ചാരിതാർത്ഥ്യം നൽകുന്ന ഒരുസ്മരണയാണ്. ഇടവക ജനങ്ങളെ അതിനായി പ്രചോദിപ്പിക്കുവാനും ഏകോപിപ്പിക്കുവാനും (ചിലരൊക്കെ നിരുത്സാഹപ്പെടുത്തിയെങ്കിലും) കഴിഞ്ഞതും വീടുകളിൽനിന്ന് അരിയും കൃഷിവകയും കൊണ്ടുവന്ന ഇടവക ജനങ്ങൾ എല്ലാം ചേർന്ന് പള്ളിഅങ്കണത്തിൽ വെച്ച് പാകം ചെയ്ത് ഭക്ഷിച്ച് കൈകോർത്ത് പിടിച്ച് കടബാധ്യതകൾ ഒന്നുമില്ലാതെ അതൊരു യാഥാർത്ഥ്യമാക്കുവാൻ കഴിഞ്ഞതും ദൈവനടത്തിപ്പായി ഓർക്കുന്നു. അതുമൂലം സുദീർഘമായ കാലത്തേക്ക് ഒരു സ്ഥിരവരുമാന സ്രോതസ്സ് കണ്ടെത്തുവാൻ ഇടയായതും ചാരിതാർത്ഥ്യം നൽകുന്നു. ഭവനസന്ദർശനം മിക്കപ്പോഴും ശനി, ഞായർ ദിവസങ്ങളിൽ ആവും നടക്കുക. നാലഞ്ച് കിലോമീറ്റർ അകലെയുള്ള ഭവനങ്ങളിലേക്ക് പോലും നടന്നാണ് പോവുക. 1986ലാണ് ആദ്യമായി സ്വന്തമായി ഒരു സ്കൂട്ടർ എനിക്ക് വാങ്ങുവാൻ സാധിച്ചത്. രോഗബാധിതർ, കുടുംബ പ്രശ്നങ്ങൾ, മറ്റു പ്രതിസന്ധികൾ ഉള്ളവർ ഇവരുടെ ഭവനങ്ങൾ കൂടുതൽ പ്രാവശ്യം സന്ദർശിച്ചിരുന്നു. അതുമൂലം ജനങ്ങളോടുള്ള ബന്ധം സുദൃഢവും സുരഭിലവുമായിരുന്നു. കൊട്ടാരക്കര കോളേജിൽ ഉണ്ടായിരുന്ന ചുമതലയോടൊപ്പം രണ്ടു പള്ളികളിൽ (അതൊന്നു 22 km ദൂരത്ത്) ഒരേ സമയത്തുള്ള ഉത്തരവാദിത്തങ്ങളിൽ വീഴ്ചയോ അലംഭാവമോ ഉണ്ടാകാതിരിക്കാൻ പരമാവധി ശ്രമിച്ചിരുന്നു എന്നതും ഈ വിരമിത വാർദ്ധക്യ വേളയിൽ ചാരിതാർത്ഥ്യം നൽകുന്ന സ്മരണയാണ്.

പെരിങ്ങനാട് ഇടവകജനങ്ങൾ പൊതുവേസമാധാനപ്രിയരും ശാന്തരുമായിരുന്നെങ്കിലും ഹൃദയനൈർമല്യവും, നിഷ്കളങ്കതയും കൊണ്ടാവും ചിലരെങ്കിലും ക്ഷിപ്രകോപികളും (ദ്രുതഗതിയിൽ) പ്രതികരിക്കുന്നവരും ആയിരുന്നു. ചില ദിവസങ്ങളിൽ ഒരു ആരാധനാനന്തര ആരാധന പള്ളിക്ക് പുറത്ത് ചില പരികർമ്മികളുടെ നേതൃത്വത്തിൽ നടത്തപ്പെടുമായിരുന്നു. എന്നാൽ ശക്തമായ കാറ്റോടുകൂടിയ മഴ ദ്രുതഗതിയിൽ പെയ്യൊഴിഞ്ഞ് അന്തരീക്ഷം ക്ഷണനേരംകൊണ്ട് തെളിമയാർജിക്കുന്നത് പോലെ താമസംവിന എല്ലാവരുടെയും ഒരുമയും സൗഹൃദവും വീണ്ടെടുക്കപ്പെട്ടിരിക്കും.

പെരിങ്ങനാട് മർത്തശ്മൂനി ഇടവക ശുശ്രൂഷയുമായി ബന്ധപ്പെട്ട ഇനിയും ഒട്ടേറെ ദീപ്തമായ അനുഭവ സ്മരണകൾ മനസ്സിൽ പൊന്തിവരുന്നുണ്ട്. താരതമ്യേന കൂടുതൽ പ്രസക്തമായവയെ കുറിച്ച് പരമാർശിച്ചു എന്നുമാത്രം. തിരിഞ്ഞു നോക്കുമ്പോൾ ഈ ജീവിത സായാഹ്നത്തിൽ സംതൃപ്തദായകമായ അനുഭവങ്ങളായി അവനിലനിൽക്കുന്നു. ജന്മനാ ഫലരഹിതനും പ്രാപ്തി ഇല്ലാത്തവനുമായ ഈയുള്ളവനെ തന്റെ ബലിഷ്ഠ കരങ്ങളിൽ തനിക്ക് ഇണങ്ങിയ ഒരു ആയുധമായി എടുത്ത് ഉപയോഗിച്ച സർവ്വേശന് ആയിരമായിരം സ്തുതി സ്തോത്രങ്ങൾ അർപ്പിക്കട്ടെ. ●

റവ. ഫാ. സജി മേക്കാട്ട്
(Administrator - IAS HUB Civil Service Academy, TVM)

ചുവടുകൾ...

സ്വപ്നങ്ങളെ ലക്ഷ്യത്തിലെത്തിക്കാൻ ആവശ്യമായ ഘടകങ്ങളിൽ പ്രധാനപെട്ടതാണ് ആസൂത്രണം. ആശയങ്ങളും ആഗ്രഹങ്ങളും നന്നായിരുന്നാലും, പലപ്പോഴും ഉദ്ദേശിക്കുന്ന ലക്ഷ്യത്തിൽ എത്തണമെന്നില്ല. ശരിയായ പ്ലാനിങ് ഉണ്ടായിരുന്നില്ല എന്നതായിരിക്കാം കാരണം.

ആസൂത്രണമെന്നാൽ, ലക്ഷ്യത്തിലേക്ക് എത്തുന്നതിന് ആവശ്യമായ ചിട്ടയായ പ്രവർത്തനങ്ങളുടെ എഴുതി തയ്യാറാക്കിയ പട്ടികയാണ്. നാം അറിഞ്ഞിട്ടുള്ളതിൽ ഭൂരിഭാഗം വിജയങ്ങളും മുൻകൂട്ടി തയാറാക്കപ്പെട്ട പദ്ധതികളുടെ ഭാഗമാണ്. അതായതു കൃത്യമായ ആസൂത്രണത്തിൽ കൂടിയാണ് വിജയകരമായ ആവിഷ്ക്കാരം സാധ്യമാകുന്നത്. ഒരു പദ്ധതി നടപ്പിലാക്കാൻ വേണ്ടി മനുഷ്യന്റെ തയ്യാറെടുപ്പുകളെ ദൈവം മാനിക്കുന്ന വിവിധ സന്ദർഭങ്ങൾ വി. വേദപുസ്തകത്തിൽ കൂടി മനസിലാക്കുവാൻ സാധിക്കും. ദൈവത്തിന്റെ നിർദ്ദേശം അനുസരിച്ചു പെട്ടകം ഉണ്ടാക്കുവാൻ വേണ്ടിയുള്ള നോഹയുടെ തയ്യാറെടുപ്പ് ശ്രദ്ധേയമാണ്. ആസൂത്രണം, ശ്രമകരം എന്നതു പോലെ ചിലപ്പോൾ വിരസതയും സമ്മാനിക്കാം. അത് വളരെ സൂക്ഷ്മമായി നിവർത്തിക്കേണ്ടതാണ്. അതു കൊണ്ട് തന്നെ നമ്മിൽ പലരും സമയം എടുക്കുമെന്നതിനാൽ പ്ലാനിംഗ് ഒഴിവാക്കുന്നു. അതായതു വെള്ളം തുടച്ചുനീക്കുന്ന തിരക്കിലായതിനാൽ ടാപ്പ് ഓഫ് ചെയ്യാൻ കഴിയാത്തതുപോലെ.

ഒരാളുടെ ഭാവിയുടെ വിജയമന്ത്രം തന്റെ ദിനചര്യയിൽ മറഞ്ഞിരിക്കുന്നു എന്ന് പറയപ്പെടുന്നു. വേനൽ കാലത്ത് ആഹാരം ഒരുക്കുകയും കൊയ്ത്ത് കാലത്ത് തീൻ ശേഖരിക്കുകയും ചെയ്യുന്ന ഉറുമ്പിനെ കണ്ടുപഠിക്കുവാൻ സദൃശ്യവാക്യങ്ങൾ പ്രബോധിപ്പിക്കുന്നു.

സമയം, അവസരം ഒക്കെ പാഴായി എന്ന് തോന്നുന്നുവെങ്കിൽ അതൊരു അറിവ്കേടിന്റെ കാലമാണന്നു കരുതാം. ലക്ഷ്യങ്ങൾക്കൊപ്പം ശരിയായ വിചാരം കൂട്ടിക്കലർത്തിയാൽ മതി. നമ്മുടെ കയ്യിൽ തന്നെ നമ്മുടെ വിജയത്തിനുള്ള പങ്കും ദൈവം ഏൽപ്പിച്ചിട്ടുണ്ട്.

The quality of preparation determines the quality of performance. തയ്യാറെടുപ്പുകൾക്ക് ആവശ്യമായ സമയം കണ്ടെത്തണം. 'എന്റെസമയം ഇതുവരെയും ആയിട്ടില്ല' എന്ന് യേശു കാനാവിൽ വച്ചുതന്റെ അമ്മയോട് പറഞ്ഞത് ഓർത്തെടുക്കാം. മുപ്പതുവർഷത്തെ തയ്യാറെടുപ്പുകൾ പ്രാർത്ഥനയോടെ നിർവഹിച്ച ക്രിസ്തു എല്ലാം നിവർത്തി ആയി എന്ന് പറഞ്ഞത് ആത്മതൃപ്തിയോടെ തന്നെയാണ്. ശരിയായ തയ്യാറെടുപ്പുകൾ കാര്യങ്ങൾ ഭംഗിയായി നിർവഹിക്കുവാൻ നമ്മെ സഹായിക്കും.

●

സജി കൊക്കാട്ട്

വെളിച്ചം പകരുന്ന വഴിവിളക്കുകൾ

നമ്മുടെയും മറ്റുള്ളവരുടെയും ജീവിതവഴികളിൽ വെളിച്ചം പകരുകയാണ് ക്രിസ്ത്യാനികളായ നമ്മുടെ ദൗത്യം. എന്നാൽ ദൗർഭാഗ്യകരം എന്ന് പറയട്ടെ, സാമൂഹ്യ കുടുംബ ആത്മീയ സഭാജീവിതത്തിൽ വഴി വിളക്കുകൾ എറിഞ്ഞുടയ്ക്കാനും വഴിയിൽ കുപ്പി ച്ചില്ല് പെറുക്കി ഇടാനും ശ്രമിക്കുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നമ്മുടെ യാത്ര.

ദൈവവചനം നമ്മെവെളിച്ചം പകരുന്ന വഴിവിളക്കു കൾ ആക്കുന്നു. വചനത്താൽ ജ്വലിക്കുന്ന ജീവിതങ്ങ ൾക്ക് മാത്രമേ ചുറ്റുപാടുകൾക്ക് വെളിച്ചം പകരാൻ കഴിയൂ. ജ്വലിക്കണമെങ്കിൽ ദൈവവചനം ജീവിത ത്തിൽ അനുഭവമാകണം. അനുഭവം ഗുരുവാണ്, ഗുരു വെളിച്ചമാണ്. വെളിച്ചം കൊടുക്കുവാനാണ് നമ്മെ വിളിച്ചിരിക്കുന്നത്. ഒരുവിളക്കിലെ തിരി കത്തിക്കൊണ്ടിരിക്കണമെങ്കിൽ ആ വിളക്കിൽ എണ്ണ യുണ്ടായിരിക്കണം. നമ്മുടെ ജീവിത വിളക്കുകളിൽ എണ്ണ പകരുവാനും തിരികൊളുത്തുവാനും ദൈവ വചനത്തിനു മാത്രമേ കഴിയൂ. "നിന്റെ വചനം എന്റെ കാലിനു ദീപവും പാതയ്ക്ക് പ്രകാശവും ആകുന്നു." സങ്കീർത്തനം 119:105. അങ്ങനെ നാം നമുക്കും മറ്റു ള്ളവർക്കും വെളിച്ചം പകരുന്നവർ ആകും, വെളിച്ചം പകരുന്നവർ ഗുരുക്കന്മാർ. നമ്മുടെ ജീവിതത്തിൽ മാതാപിതാക്കൾ, സഹോദരങ്ങൾ, പുരോഹിതർ, അധ്യാപകർ, സുഹൃത്തുക്കൾ ആർക്കും ഗുരുക്ക ന്മാരാകാം. അതിന് പ്രായമോ സ്ഥാനമാനമോ പണമോ കുടുംബമഹിമയോ ഒന്നുമില്ല.

മലയാളത്തിലെ എഴുത്തുകാരനായിരുന്ന പി.ആർ. നാഥൻ 'ധന്യമീ ജീവിതം' എന്നപുസ്തകത്തിൽ ഒരു വിളക്ക്മരത്തിന്റെ കഥപറയുന്നുണ്ട്. വഴിയരികിലുള്ള വിളക്കുമരത്തിൽ കയറി മണ്ണെണ്ണ ഒഴിച്ച് എന്നും തിരി കൊളുത്തുന്ന അപ്പു എന്ന ഒരു ചെറുപ്പക്കാരൻ നാട്ടിൽ ഉണ്ടായിരുന്നു. ഒരിക്കൽ പതിവുപോലെ വിളക്കു മരത്തിൽ തിരികൊളുത്തി അപ്പു താഴെയി റങ്ങി. അപ്പോൾ സർക്കാരിന് എതിരെയുള്ള ഒരു പ്രതിഷേധപ്രകടനം അതുവഴി വന്ന് അപ്പുവിനെ തള്ളി നീക്കി ആ വിളക്ക് നശിപ്പിച്ചു. വിളക്ക് നശിപ്പിച്ചപ്പോൾ അതിന്റെ കണ്ണാടി കഷണങ്ങൾ അവിടെയെല്ലാം ചിതറിവീണു, പ്രതിഷേധക്കാർ അവരുടെ വഴിക്ക് പോയി. അപ്പോഴേക്കും ഇരുട്ട് കനത്തു തുടങ്ങി യിരുന്നു. അപ്പു അവിടെ വീണുകിടന്നിരുന്ന കണ്ണാടി ചില്ലുകൾ എല്ലാം പെറുക്കാൻ തുടങ്ങി. അപ്പോൾ നാട്ടുകാർ ഒരു സംശയം അപ്പുവിനോട് ചോദിച്ചു, "എന്തിനാണ് കുപ്പിച്ചില്ലുകൾ പെറുക്കുന്നത്", അപ്പു മറുപടി പറഞ്ഞു, "രാത്രിയിൽ നിരപരാധികളായ യാത്രക്കാർ ഇതുവഴി നടന്നുവരും. പലർക്കും ചെരിപ്പ് പോലുമില്ല. അവരുടെ കാലിൽ കുപ്പിച്ചില്ല് കയറുന്നത് ഒഴിവാക്കാനാണ് ഞാനിത് ചെയ്യുന്നത്". അപ്പോൾ ഇത് ചെയ്തത് ആരെങ്കിലും തനിക്ക് ഒരു അവാർഡു മായി വരുമെന്ന് വിചാരിച്ചല്ല, മറിച്ച് മനസ്സാക്ഷിയുടെ വെളിച്ചം കൊണ്ട് അങ്ങനെയൊരു സുകൃതം ചെയ്ത താണ്. അപ്പുവിനെപോലെയുള്ളവരാണ് യഥാർത്ഥ ഗുരുശ്രേഷ്ഠർ.

ദൈവസ്നേഹവും ദൈവവചനവും ആകുന്ന സൂര്യൻ നമ്മുടെ ഉള്ളിൽ ഉദിച്ചാൽ മാത്രമേ ഉള്ളിൽ വെളിച്ചം പരക്കുകയുള്ളൂ, ഉള്ളിൽ പൂക്കൾ വിരിയു കയുള്ളൂ, ഉള്ളിൽ കിളികൾ പാടുകയുള്ളൂ, ഉള്ളിൽ പുഴകൾ ഒഴുകുകയുള്ളൂ, അവയ്ക്കുമീതേ വാനമ്പാ ടികൾ പറക്കുകയുള്ളൂ. വചനത്തിന്റെയും സ്നേഹ ത്തിന്റെയും എണ്ണയൊഴിച്ച് നമുക്ക് വിളക്കുകൾ തെളിയിച്ച് വഴിവിളക്കുകൾ ആകാൻ ദൈവം നമ്മെ സഹായിക്കട്ടെ !

●

ആരോൺ ജോർജ് വർഗീസ്
Data Scientist & SEBI
Registered Research Analyst
(NeuralBahn.com -
SEBI Regn No. INH000018160)

ഒരുപ്പം ജോർജ്കുട്ടി ടോക്സ്

സമ്പാദ്യത്തെയും, ധനത്തെയും പറ്റി അനേകം ഉപദേശങ്ങൾ വിശുദ്ധ വേദപുസ്തകത്തിൽ ഉണ്ട്. 'ധനവാൻ ദരിദ്രനെ ഭരിക്കുന്നു, കടം വാങ്ങുന്നവൻ കടം കൊടുക്കുന്നവന്റെ അടിമയാണ്.' എന്ന് സദൃശ്യ വാക്യങ്ങൾ 22:7 നമ്മെ ഓർമ്മിപ്പിക്കുന്നു. സാമ്പത്തിക ബാധ്യതകൾ ഇല്ലാത്തവർക്ക് സമൂഹത്തെ സേവിക്കുവാനും, ദൈവവേല ചെയ്യുവാനും അനേകം അവസരങ്ങളും ലഭിക്കുന്നു. ഇപ്പോഴും നമ്മുടെ പാഠ്യപദ്ധതികളിൽ സാമ്പത്തിക സ്വാതന്ത്ര്യവും, നല്ല സാമ്പത്തിക ശീലങ്ങളും പഠിപ്പിക്കുന്നില്ല. ആധുനിക സാമ്പത്തിക ലോകത്ത്, സാമ്പത്തിക സ്വാതന്ത്ര്യത്തിലേക്ക് നയിക്കുന്ന അനവധി അവസരങ്ങൾ ഉണ്ട്. എല്ലാവർക്കും പരിചിതമായ ബാങ്ക് ഡിപ്പോസിറ്റുകൾ, സ്വർണ്ണത്തിലുള്ള നിക്ഷേപം, സ്റ്റോക്ക് മാർക്കെറ്റ്, ഇവയെല്ലാം ഇങ്ങനെയുള്ള അവസരങ്ങളാണ്. സാമ്പത്തിക സ്വാതന്ത്ര്യത്തിലേക്ക് നയിക്കുന്ന ഈ വിധത്തിലുള്ള നിക്ഷേപങ്ങളെപ്പറ്റിയും, മറ്റു ചില നല്ല സാമ്പത്തിക ശീലങ്ങളെപ്പറ്റിയുമുള്ള ചില വിവരങ്ങളാണ് ഈ ലേഖനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

എമെർജെൻസി ഫണ്ട് മുഖ്യം

സമ്പാദ്യം തുടങ്ങുന്നതിന്റെ ആദ്യ പടി ഒരു എമർജെൻസി സേവിങ്സ് ഫണ്ട് ഉണ്ടാക്കി എടുക്കുക എന്നതാണ്. നിങ്ങളുടെ 6 മാസത്തെ ശമ്പളം/വരുമാനം എങ്കിലും നിങ്ങളുടെ ബാങ്കിൽ എപ്പോഴും ഫിക്സഡ് ഡെപ്പോസിറ്റ് ആയി ഉണ്ടാവണം. ജോലി നഷ്ടപ്പെടുകയോ, എന്തെങ്കിലും മറ്റ് അത്യാവശ്യങ്ങൾ ഉണ്ടാവുകയോ ചെയ്യുമ്പോൾ മാത്രം ഉപയോഗിക്കുവാനായി ഈ ഫണ്ട് നീക്കി വെക്കണം. എല്ലാ മാസവും ശമ്പളം കിട്ടുമ്പോൾ ഒരു ചെറിയ തുക RD ഡിപ്പോസിറ്റ് ആയോ, FD ആയോ ഒക്കെ മാറ്റി വെച്ച് നമുക്ക് പടിപടിയായി ഈ തുക വളർത്തി എടുക്കാവുന്നതാണ്.

ആരോഗ്യ ഇൻഷുറൻസ്

ഭൂരിപക്ഷം ഇന്ത്യൻ കുടുംബങ്ങളും ഒരു വലിയ ഹോസ്പിറ്റൽ കേസോടെ കടത്തിൽ ആകുന്നു എന്നാണ് കണക്ക്. അതിൽ നിന്ന് രക്ഷപെടുവാൻ ഒരു നല്ല ആരോഗ്യ ഇൻഷുറൻസ് പരിരക്ഷ നിങ്ങളുടെ കുടുംബത്തിന് ഉറപ്പുവരുത്തണം. വർധിച്ചു വരുന്ന ചികിത്സാ ചിലവുകൾ താങ്ങുവാൻ ഒരു ആരോഗ്യ ഇൻഷുറൻസ് അത്യന്താപേക്ഷിതമാണ്. നിങ്ങൾക്ക് നിലവിലുള്ള എല്ലാ അസുഖങ്ങളും ആരോഗ്യ ഇൻഷുറൻസ് ആദ്യമായി എടുക്കുമ്പോഴും, മറ്റൊരു ഇൻഷുറൻസ് കമ്പനിയിലേക്ക് പോർട്ടിങ് ചെയ്യുമ്പോഴും ഡിക്ലെയർ ചെയ്യുവാൻ മറക്കരുത്. മുൻപ് നടത്തിയിട്ടുള്ള സർജറികൾ, കഴിക്കുന്ന മരുന്നുകൾ ഇവയെല്ലാം ഡിക്ലെയർ ചെയ്തു തന്നെ ഇൻഷുറൻസ് എടുക്കണം. അല്ലാത്ത പക്ഷം നിങ്ങൾ എന്നെങ്കിലും ഹോസ്പിറ്റലിൽ അഡ്മിറ്റ് ആയി ചികിത്സ എടുത്ത ശേഷം ക്ലെയിം ചെയ്യുമ്പോൾ ഇൻഷുറൻസ് തുക ലഭിക്കാതെ ഇരിക്കാനുള്ള സാധ്യത വളരെ കൂടുതലാണ്. ആരോഗ്യ ഇൻഷുറൻസിന്റെ പ്രീമിയം പല കുടുംബങ്ങൾക്കും താങ്ങാൻ ആവുന്നില്ല എന്നത് ഒരു പ്രശ്നമാണ്. വൈദികർക്ക് വേണ്ടി സഭ ഏർപ്പെടുത്തിയ ഗ്രൂപ്പ് ഇൻഷുറൻസിൽ അൽമായരെ കൂടെ ഉൾപ്പെടുത്തിയാൽ ഈ പ്രശ്നം പരിഹരിക്കാവുന്നതാണ്.

എന്താണ് സൂപ്പർ ടോപ് അപ്പ് ഇൻഷുറൻസ് ?

സാധാരണ ആരോഗ്യ ഇൻഷുറൻസ് 99 % കേസുകളിലും നമുക്ക് ചികിത്സാ ചിലവുകൾക്ക് ഉപകാരപ്പെടും. എന്നാൽ ട്രാൻസ്പ്ലാന്റ് പോലെയുള്ള വലിയ ചികിത്സകൾ വേണ്ടി വന്നാൽ സാധാരണ ഹെൽത്ത് ഇൻഷുറൻസിന്റെ കവറേജ് തുകയിൽ അതിന്റെ ചിലവുകൾ തികയില്ല. അങ്ങനെയുള്ളപ്പോൾ സൂപ്പർ ടോപ് അപ്പ് ഇൻഷുറൻസുകൾ വളരെ സഹായകരമാണ്. അവയുടെ പ്രീമിയം തുകയും വളരെ ചെറുതാണ്. അതിനാൽ ഒരു സൂപ്പർ ടോപ് അപ്പ് ഇൻഷുറൻസ് കൂടെ എടുക്കുന്നത് വളരെ നന്നായിരിക്കും.

ആർക്കുമാവാം കോടീശ്വരൻ

റിട്ടയർ ചെയ്യുമ്പോൾ വലിയൊരു തുക മിച്ചം ഉണ്ടാവണം എങ്കിൽ വലിയ ശമ്പളമുള്ള ജോലിയോ, സർക്കാർ ജോലിയോ, വലിയ ബിസിനസോ ഒക്കെ വേണം എന്നത് പൊതുവെയുള്ള ഒരു തെറ്റിദ്ധാരണയാണ്. ഏതൊരു സാധാരണക്കാരനും കൃത്യമായ പ്ലാനിങ്ങോടെ ഇൻവെസ്റ്റ് ചെയ്താൽ ഈ ലക്ഷ്യം സാധിക്കാവുന്നതേ ഒള്ളു. പക്ഷെ ഒരു കാര്യം ശ്രദ്ധിക്കണം. വളരെ ചെറിയ പ്രായത്തിലെ, ഇൻവെസ്റ്റ് ചെയ്തു തുടങ്ങണം. ആദ്യമായി ജോലി ലഭിക്കുമ്പോൾ മുതൽ,

ശമ്പളത്തിന്റെ ഏകദേശം 15% എങ്കിലും എല്ലാ മാസവും SIP (സിസ്റ്റമാറ്റിക് ഇൻവെസ്റ്റ്മെന്റ് പ്ലാൻ) ആയി മ്യൂചൽ ഫണ്ടുകളിലോ, ഇൻഡക്സ് ഫണ്ടുകളിലോ, അതുമല്ലെങ്കിൽ സ്റ്റോക്കുകളിൽ നേരിട്ടോ നിക്ഷേപിച്ചു തുടങ്ങണം.

ഇന്ത്യൻ ഓഹരി വിപണിയുടെ ശരാശരി റിട്ടേൺ 15, 20% ആണ്. മാസം ഒരു 5000 രൂപ വീതം ഇൻഫ്ലേഷൻ അഡ്ജസ്റ്റഡ് ആയി 30 വർഷം SIP ആയി ഇൻവെസ്റ്റ് ചെയ്താൽ, നിങ്ങളുടെ റിട്ടയർമെന്റ് ഫണ്ട് ഏകദേശം 4 കോടി രൂപ ഉണ്ടാകും. സ്റ്റോക്ക് മാർക്കറ്റിൽ ഇൻവെസ്റ്റ് ചെയ്യുവാൻ ഒരു ഡീമാറ്റ് അക്കൗണ്ട് തുടങ്ങേണ്ടതുണ്ട്. നിങ്ങൾ ഒരു NRI ആണെങ്കിൽ ഡീമാറ്റ് അക്കൗണ്ട് തുടങ്ങുന്നതിന് ഒരു NRO non PIS അക്കൗണ്ട് അല്ലെങ്കിൽ NRE PIS അക്കണ്ടൗണ്ട് കൂടെ തുടങ്ങണം. കൂടുതൽ വിവരങ്ങൾക്ക് ഏതെങ്കിലും സ്റ്റോക്ക് ബ്രോക്കിങ് സ്ഥാപനത്തെയോ, അല്ലെങ്കിൽ നിങ്ങളുടെ ബാങ്കിനെയോ സമീപിക്കുക.

മിന്നാത്ത പൊന്ന്

ഇന്ത്യക്കാർ പൊതുവെ സ്വർണ്ണത്തിൽ ഇൻവെസ്റ്റ് ചെയ്യുവാൻ താല്പര്യമുള്ള ആളുകളാണ്. എന്നാൽ സ്വർണ്ണം ആഭരണമായി വാങ്ങുമ്പോൾ പണിക്കൂലി, ടാക്സ് മുതലായ നഷ്ടങ്ങൾ വരുന്നു. ഭാവിയിൽ അത് മാറ്റി വാങ്ങാൻ ചെല്ലുമ്പോഴും പണിക്കുറവായും മറ്റും വീണ്ടും നിങ്ങൾക്ക് നഷ്ടമുണ്ടാകുന്നു.

സ്വർണ്ണം ആഭരണമായി വാങ്ങുന്നതിന് പകരം നിങ്ങൾക്ക് ഭാരതീയ റിസേർവ് ബാങ്ക് ഇറക്കുന്ന സോവറിന് ഗോൾഡ് ബോണ്ടുകൾ (SGB) നിങ്ങളുടെ ബാങ്കിൽ നിന്ന് വാങ്ങാവുന്നതാണ്. വർഷാവർഷം ഈ ബോണ്ടുകൾക്ക് ഒരു ചെറിയ പലിശയും കിട്ടും. ഭാവിയിൽ നിങ്ങൾക്ക് എന്നെങ്കിലും ഇത് വിൽക്കണം എന്നുണ്ടെങ്കിൽ അന്നത്തെ സ്വർണ്ണ വില നിങ്ങൾക്ക് ലഭിക്കുകയും ചെയ്യും. കൂടുതൽ വിവരങ്ങൾക്ക് നിങ്ങളുടെ ബാങ്കുമായി ബന്ധപ്പെടുക.

സ്വർണ്ണത്തിൽ ഇൻവെസ്റ്റ് ചെയ്യുവാനുള്ള മറ്റൊരു മാർഗ്ഗമാണ് ഗോൾഡ് ഇ.റ്റി.എഫ് (എക്സ്ചേഞ്ച് ട്രേഡഡ് ഫണ്ട്). ഷെയർ വാങ്ങുന്നത് പോലെ നിങ്ങളുടെ ഡീമാറ്റ് അക്കൗണ്ട് വഴിയായി നിങ്ങൾക്ക് സ്വർണ്ണം ഇ. റ്റി. എഫ്. ആയി വാങ്ങാവുന്നതാണ്. സ്വർണ്ണത്തിന്റെ വില 1% കൂടിയാൽ ഈ ഇ.റ്റി.എഫ്. ഇന്റെ വിലയും 1% കൂടും. എന്നെങ്കിലും നിങ്ങൾക്ക് വിൽക്കണം എന്ന് തോന്നുമ്പോൾ ഡീമാറ്റ് അക്കൗണ്ട് വഴിയായി പെട്ടെന്ന് തന്നെ വിൽക്കാം.

മക്കളുടെ വിവാഹ ആവശ്യങ്ങൾക്കും മറ്റുമായി സ്വർണ്ണം വാങ്ങി വെക്കുന്നവർ മുകളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ചെയ്യുന്നത് കൂടുതൽ ലാഭകരം ആയിരിക്കും.

അവിയൽ ഇൻവെസ്റ്റ്മെന്റുകൾ ഒഴിവാക്കുക

മിക്ക ബാങ്കുകളും, ലൈഫ് ഇൻഷുറൻസ് കമ്പനികളും ഇൻഷുറൻസ് ലിങ്ക്ഡ് ഇൻവെസ്റ്റ്മെന്റ് പ്രൊഡക്ടുകൾ വിൽക്കുവാൻ നിങ്ങളെ സമീപിക്കാറുണ്ട്. ഉദാഹരണത്തിന് നിങ്ങൾ കുറെ വർഷങ്ങൾ ഇൻഷുറൻസ് പ്രീമിയം അടച്ചു കൊണ്ടേ ഇരിക്കണം. അതിന് ശേഷം ഒരു കൂളിംഗ് പിരീഡ് ഉണ്ടാകും. ഈ സമയത്ത് നിങ്ങൾ ഒരു തുകയും അടയ്ക്കേണ്ട. അത് കഴിയുമ്പോൾ മുതൽ നിങ്ങൾക്ക് വർഷാവർഷം പെൻഷൻ പോലെ ഒരു തുക ലഭിച്ചു കൊണ്ടേയിരിക്കും. ഇങ്ങനെയുള്ള പ്രൊഡക്ടുകളുടെ റിട്ടേൺ കണക്കു കൂട്ടി നോക്കിയാൽ നിങ്ങൾ ബാങ്കിൽ ഫിക്സഡ് ഡിപ്പോസിറ്റ് ഇടുന്നതിലും വളരെ കുറവാണ് ഇവയുടെ റിട്ടേൺ എന്ന് മനസ്സിലാകും. അത് മാത്രമല്ല, നിങ്ങളുടെ ജോലി നഷ്ടപ്പെടുകയോ, നിങ്ങൾക്ക് എന്തെങ്കിലും സാമ്പത്തിക ബുദ്ധിമുട്ട് വരികയോ ചെയ്ത് ഇടയ്ക്ക് വെച്ച് അടവ് മുടങ്ങിയാൽ, നിങ്ങൾ അടച്ച തുക പോലും പൂർണ്ണമായി നിങ്ങൾക്ക് തിരിച്ചു കിട്ടുന്നില്ല എന്നത് ഏറ്റവും വലിയൊരു റിസ്ക് ആണ്. ഈ തരത്തിലുള്ള സ്കീമുകൾ നിങ്ങൾക്ക് വാഗ്ദാനം ചെയ്യുന്ന ലൈഫ് ഇൻഷുറൻസ് ഒരു വലിയ കാര്യമേ അല്ല. ഇതേ ഇൻഷുറൻസ് തുക നിങ്ങൾക്ക് ടേം ഇൻഷുറൻസ് ആയി വളരെ കുറഞ്ഞ പ്രീമിയം അടച്ച് ഉറപ്പാക്കാവുന്നതാണ്. ഇൻവെസ്റ്റ്മെന്റും, ലൈഫ് ഇൻഷുറൻസും കൂട്ടിക്കലർത്തിയുള്ള പോളിസികൾ എടുക്കുമ്പോൾ ഇൻഷുറൻസിന്റെ പ്രയോജനവും കുറയും, ഇൻവെസ്റ്റ്മെന്റിന്റെ പ്രയോജനവും കുറയും. ഇങ്ങനെയുള്ള പ്രൊഡക്ടുകൾ ഒഴിവാക്കുന്നതാണ് നല്ലത്.

സാമ്പത്തിക അച്ചടക്കം അനിവാര്യം

മുകളിൽ പറഞ്ഞവയൊക്കെ സാധ്യമാകുവാനും, സാമ്പത്തിക സ്വാതന്ത്ര്യം എന്ന സ്വപ്നം സാക്ഷാത്കരിക്കുവാനും, സാമ്പത്തിക അച്ചടക്കം അനിവാര്യമാണ്. വരുമാനം തരാത്ത അസ്സറ്റുകൾ വാങ്ങുവാൻ കടം എടുക്കുന്നത് ഏറ്റവും വലിയ സാമ്പത്തിക മണ്ടത്തരങ്ങളിൽ ഒന്നാണ്. എല്ലാത്തിനും ഇ.എം.ഐ സൗകര്യം എല്ലാ കച്ചവടസ്ഥാപനങ്ങളിലും ഒരുക്കിയിട്ടുണ്ട്. ഫോൺ വാങ്ങുവാനും, കാർ വാങ്ങുവാനും എല്ലാം കടമെടുക്കുന്നത് ഇന്ന് സർവ്വസാധാരണമാണ്. ചിലവുകൾ ചുരുക്കി ഒരു മിനിമലിസ്റ്റ് ലൈഫ് സ്റ്റൈൽ പിന്തുടരുന്നതാണ് നല്ലത്.

നിങ്ങൾ സമ്പാദിക്കുന്ന പണം റിസ്ക് കൂടിയ സ്ഥലങ്ങളിൽ നിക്ഷേപിക്കാതെ ഇരിക്കുക. സ്വകാര്യ ഫൈനാൻസുകൾ, ചിറ്റ് ഫണ്ടുകൾ, സഹകരണ ബാങ്കുകൾ, ക്രിപ്റ്റോ കറൻസികൾ എന്നിവിടങ്ങളിൽ നിക്ഷേപിക്കുമ്പോൾ വളരെ റിസ്ക് കൂടുതൽ ആണെന്ന് മനസ്സിലാക്കുക. റിസേർവ് ബാങ്കിന്റെയും മറ്റു സർക്കാർ ഏജൻസികളുടെയും അംഗീകാരത്തോടെ പ്രവർത്തിക്കുന്ന ബാങ്കുകളും സ്ഥാപനങ്ങളും വഴിയായി മാത്രം നിക്ഷേപങ്ങൾ നടത്തുക.

SEBI Mandatory Disclaimer : This article is intended for general awareness and educational purposes only. It does not constitute personalized financial advice. Readers are strongly advised to consult their financial advisors before making any investment decisions based on the information provided in this article.

സ്പർശം

ശ്രീമതി ഷൈബി ജോബി

പുതുയുഗ പുലരിയെ ആർദ്രമായി പുൽകിയ
പുതുനാമ്പുകൾക്കിന്നു സാന്ദ്രഗീതം മൂളാൻ
മഴവില്ലിൻ എഴുവർണ്ണങ്ങളും വീശി
മധുനുകരുവാൻ ഇങ്ങ് പോന്നുവോനീ.

മന്ദമാരുതൻ നിന്റെ പിന്നിലുണ്ടെന്ന് നീ
മന്ദസ്മിതം തൂകി മുല്ലയോടോതി
ഇന്നലെ മുകുളമായ് നിന്ന നിൻകവിളിൽ
തൊട്ടുതലോടുവാൻ വന്നതാണോ

വെറ്റിലമുറുക്കി ചുവപ്പിച്ച ചുണ്ടുമായ്
പുഞ്ചിരിതൂകുന്ന ചെത്തിതൻ കാതിൽ
തഞ്ചത്തോടു നീ കിന്നാരം ചൊല്ലി
തേൻനുകർന്ന് ഉല്ലാസലാസ്യമാടി...

ചെമ്പനീർപൂവ് നിൻ ലാവണ്യരൂപം
മതിയാകുവോളവും ആസ്വദിക്കാൻ
പൂങ്കാവനം തോറും തെന്നിപറക്കുമോ
നന്മതൻ നിറവായ ചിത്രശലഭമേ....

നിൻ നിറമെന്നിൽ നിറക്കട്ടെ നിത്യവും
നേരും നെറിയും പരക്കട്ടെ ചുറ്റിലും
ഓരോപുലരിയും പൊൻപുലരി ആയി
പൂവിൻ ചഷകം തുളുമ്പട്ടെ ഹൃദ്യമായ്

ആശംസകളോടെ...



ദൈവത്തിൽ ആശ്രയിക്കുമ്പോൾ

ജോസഫ് ചാമവിള, റിയാദ്

ദൈവത്തിൽ ആശ്രയിക്കുന്നതാണ് ഒരു ദൈവ വിശ്വാസിയുടെ ഏറ്റവും വലിയ ശക്തി. ഒരു യഥാർത്ഥ ദൈവവിശ്വാസി ദൈവ ആശ്രയത്തിലാണ് വളർന്നു വരേണ്ടത്. വളർച്ച മികവുറ്റതാക്കാനും, പൂർണ്ണതയുള്ളതാക്കാനും ദൈവാശ്രയവും വിശ്വാസവും സഹായിക്കുന്നു. ദൈവത്തിൽ ശരിയായി ആശ്രയിക്കാതിരിക്കുമ്പോൾ അഥവാ ദൈവാശ്രയ ബോധം തെറ്റിപ്പോകുമ്പോൾ മനുഷ്യർക്കും സമൂഹത്തിനും ഉണ്ടാകുന്ന അപചയങ്ങൾ വളരെ വലുതാണ്. അത്, ഇന്ന് കാലത്ത് ഒരു നേർസാക്ഷ്യമായി പലസന്ദർഭങ്ങളിലും നമ്മൾക്ക് കാണുവാനും സാധിക്കുന്നുണ്ട്. ദൈവത്തിൽ ആശ്രയിക്കേണ്ടത് എങ്ങനെയെന്ന് വിശുദ്ധ സഭയും, വിശുദ്ധ വേദപുസ്തകവും നമ്മെ നല്ല രീതിയിൽ പഠിപ്പിക്കുന്നുണ്ട്. വിശുദ്ധ സഭയുടെ സന്ധ്യാ നമസ്കാരത്തിൽ നാം പതിവായി പ്രാർത്ഥിക്കുന്ന 91-ാം സങ്കീർത്തനത്തിലെ രണ്ടാം വാക്യം പരാമർശിക്കുന്നത് ദൈവാശ്രയത്തെ കുറിച്ചാണ്. അവിടെ പറയുന്നു, "ഞാൻ ആശ്രയിച്ചിരിക്കുന്ന ദൈവം എന്ന ശരണവും, എന്റെ സങ്കേത സ്ഥലവും എന്ന് കർത്താവിനെക്കുറിച്ച് നീ പറയുക". ദൈവം ഒരു ആശ്രയം മാത്രമല്ല, ശരണവും സങ്കേതസ്ഥലവും ആണ് എന്നു കൂടി പറയുന്നു.

91-ാം സങ്കീർത്തനം എഴുതിയ കാലഘട്ടത്തെക്കുറിച്ചും, അതിന്റെ രചയിതാവിനെ സംബന്ധിച്ചും വേദ പുസ്തക പണ്ഡിതന്മാർക്കിടയിൽ ഏക അഭിപ്രായമില്ല. പാരമ്പര്യ വിശ്വാസപ്രകാരം 90-ാം സങ്കീർത്തനം പോലെ തന്നെ 91-ാം സങ്കീർത്തനം മോശയുടെതായി കാണുമ്പോൾ ആധുനിക വേദ പണ്ഡിതന്മാർ ഈ അഭിപ്രായത്തോട് യോജിക്കുന്നില്ല. പേര് നിശ്ചയമില്ലാത്ത ഒരു വ്യക്തി അഥവാ വ്യക്തികൾ ബാബിലോണിയൻ അടിമത്തത്തിന് ശേഷം ഉദ്ദേശം ബിസി 586 നോടനുബന്ധിച്ച് രചിച്ചത് ആകും എന്നാണ് ആധുനിക പണ്ഡിത അഭിപ്രായം. ഇസ്രായേൽ ജനത ഫറവോന്റെ അടിമത്തത്തിൽ നിന്ന് സ്വതന്ത്രമായി മോശയെ പോലുള്ള വീണ്ടെടുപ്പുകാരാൽ സംരക്ഷിക്കപ്പെട്ട്, നയിക്കപ്പെട്ട്, പ്രതാപ കാലത്തേക്ക് വരുമ്പോൾ ദൈവീക കരുതലും, വിമോചന സ്വാതന്ത്ര്യത്തിന്റെ ഓർമ്മയും, നന്ദിയും ഒക്കെയാണ് പ്രതിപാദിക്കപ്പെടുക. എന്നാൽ ബാബിലോണിയൻ അടിമത്തത്തിനു ശേഷം ചിത്രം മാറുന്നു. അടിമത്തം കൈയ്പ്പ് നിറഞ്ഞതായിരുന്നു. ഓർമ്മയിൽ തളംകെട്ടി നിൽക്കുന്നത് ദുരന്തങ്ങളുടെയും ഒരിക്കലും ഓർക്കുവാൻ ആഗ്രഹിക്കാത്ത സന്ദർഭങ്ങളുടേയും നേർചിത്രങ്ങളാണ്. അതുകൊണ്ടുതന്നെ ദൈവത്തിൽ കൂടുതൽ ആശ്രയിക്കുന്ന ചിന്താശക്തിയും ബോധ്യവുമാണ് ആ സമയത്ത് ഓർമ്മയിൽ തെളിയുന്നത്. ഈയൊരു പശ്ചാത്തലത്തിലാണ് ഈ വേദഭാഗം കൂടുതൽ ശ്രദ്ധിക്കപ്പെടുന്നത്.

അടിമത്തത്തിന്റെ കെട്ടകാലം കഷ്ടപ്പാടും, ദുരിതവും, ആരുടെയും ആശ്രയമില്ലാത്തതും ആയിരുന്നു. പിടിച്ചടക്കപ്പെട്ടവരാൽ പീഡിപ്പിക്കപ്പെടുക എന്നതാണ് അടിമത്തത്തിന്റെ ധർമ്മശാസ്ത്രം. സ്വാതന്ത്ര്യം ഇല്ലായ്മയും, ഉള്ള സ്വാതന്ത്ര്യം പീഡിപ്പിക്കപ്പെടുന്നതുമാണ് അടിമത്തത്തിലെ ഏറ്റവും വലിയ ദുരിതം. പുരാതന കാലങ്ങളിൽ, സാമ്രാജ്യത്വ ശക്തികളുടെ അധിനിവേശ കാലത്ത് പല രാജ്യങ്ങളും അടിമത്തത്തിൽ ആയിട്ട്, പിന്നീട് സ്വാതന്ത്ര്യസമരങ്ങളിലൂടെയും, സഹന സമരങ്ങളിലൂടെയും ഒക്കെ അവ മോചിതമായപ്പോൾ ആ രാജ്യങ്ങളിൽ ഉള്ളവർ യഥാർത്ഥ സ്വാതന്ത്ര്യം എന്താണെന്ന് അനുഭവിച്ചതിന്റെ ഓർമ്മ പുതുക്കൽ ആണല്ലോ ഓരോ രാജ്യങ്ങളുടെയും വർഷംതോറും ഉള്ള സ്വാതന്ത്ര്യദിന ആഘോഷങ്ങൾ. ഈ ലോകത്തിലേക്ക് സൃഷ്ടിക്കപ്പെടുന്ന ഓരോ മനുഷ്യരും മറ്റെല്ലാ ജീവജാലങ്ങളും സ്വാതന്ത്രത്തിലേക്കും അറിവിന്റെ വെളിച്ചത്തിലേക്കും ആണ് കടന്നു വരുന്നത്. എന്നാൽ അധിനിവേശ സാമ്രാജ്യത്വ ശക്തികൾ പണ്ട് ഉണ്ടായിരുന്നത് പോലെ ഇന്നും ചിലപ്പോഴെങ്കിലും അത് രാഷ്ട്രീയമായിട്ടോ, വ്യക്തികൾ ആയിട്ടോ, ആശയങ്ങൾ ആയിട്ടോ ഒക്കെ ഇന്നുകാലത്തും അടിമത്തം സൃഷ്ടിക്കുന്നതാണ് ഏറ്റവും വലിയ പാപം. ഇവിടെ സ്വാതന്ത്ര്യം എന്താണെന്ന് ചിന്തിക്കേണ്ടതുണ്ട്. ഒരു വ്യക്തിയുടെയോ, സമൂഹത്തിന്റെയോ സ്വാതന്ത്ര്യം ഒരിക്കലും മറ്റൊരാളുടെ സ്വാതന്ത്ര്യത്തേയോ അവകാശത്തെയോ ഹനിക്കുന്നത് ആകാൻ ഉദ്ദേശിക്കപ്പെടുന്നില്ല. സ്വാതന്ത്ര്യം അതിനകത്ത് തന്നെ ബന്ധനവും ദുരിതവും പീഡനവും ആകരുതെന്നാണ് ദൈവിക ആശ്രയത്തിന്റെ വേദശാസ്ത്രം.

ദൈവാശ്രയം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് അഥവാ ദൈവാശ്രയം ഉള്ള ഒരു വിശ്വാസിയുടെ ജീവിതത്തിൽ അനുഭവമാകേണ്ട പാഠങ്ങൾ ഇവയാണ്.

1) ദൈവിക പരമാധികാരവും കരുതലും അനുഭവിച്ചറിയുക.

Experience the supremacy of god and care

വിശുദ്ധ സഭയുടെ വിശ്വാസപ്രമാണം ആരംഭിക്കുന്നത് "സർവ്വശക്തിയുള്ള പിതാവായി ആകാശത്തിന്റെയും

ഭൂമിയുടെയും...” എന്ന് പറഞ്ഞുകൊണ്ടാണ്. ദൈവത്തെ സർവ്വശക്തനായും, പരമാധികാരിയുമായി കണക്കാക്കുവാൻ ഒരു വ്യക്തിക്ക് സാധിക്കേണ്ടത് തന്റെ വിവേകത്തിലൂടെയും വിനയത്തിലൂടെയും ആണ്. ആധുനിക സാങ്കേതിക വിദ്യയുടെ പിൻബലത്തിലൂടെ സംജാതമാകുന്ന ധനാഭിവൃദ്ധിയിലും, അധികാരത്തിലും, ആരോഗ്യത്തിലും പുതിയ പുതിയ കണ്ടുപിടുത്തങ്ങളിലുമൊക്കെ പലപ്പോഴും മനുഷ്യർക്ക് ദൈവത്തെ അറിയുവാനോ മനസ്സിലാക്കുവാനോ സാധിക്കാറില്ല. പുരാതനകാലത്ത് കഴിയാതിരുന്നത് ഇന്ന് കഴിയുന്നതാണ് ആധുനിക സാങ്കേതിക വിദ്യ. അതുകൊണ്ടുതന്നെ സകലതും ചെയ്യുവാനും കണ്ടുപിടിക്കുവാനും മനുഷ്യർക്ക് കഴിയുമെന്നത് ദൈവത്തെ ഒഴിവാക്കുവാൻ മനുഷ്യനെ പ്രേരിപ്പിക്കുന്നു. കഴിഞ്ഞ കുറെ മാസങ്ങൾക്കു മുൻപ് കമ്പ്യൂട്ടർ സോഫ്റ്റ്വെയറിൽ ഉപയോഗിക്കുന്ന വിൻഡോസ് പണിമുടക്കിയപ്പോൾ എയർപോർട്ട് ഉൾപ്പെടെയുള്ള ഓഫീസുകൾ നിശ്ചലമായത് നാം മനസ്സിലാക്കുകയുണ്ടായി. ഇന്നു മനുഷ്യർ തന്നെ കണ്ടുപിടിച്ചിട്ടുള്ള ആയുധങ്ങളും, അണുബോംബ് ഉൾപ്പെടെയുള്ള മറ്റ് യുദ്ധോപാധികളും, വിവേകമില്ലാതെ പ്രയോഗിക്കുന്നുവെങ്കിൽ, ഈ ഭൂമി തന്നെ ശൂന്യമായി പോകും. അതായത് ദൈവം മനുഷ്യന് നൽകിയ കഴിവും സ്വാതന്ത്ര്യവും ദൈവികമായി തന്നെ ഉപയോഗിച്ചില്ലെങ്കിൽ പിന്നെ മനുഷ്യർ തന്നെ അവരുടെ അന്തകരാകുമെന്ന് ഓർക്കുന്നത് നല്ലതാണ്. ദൈവത്തിൽ ആശ്രയിക്കുന്നവർക്കും, ദൈവത്തിന് വിധേയപ്പെടുന്നവർക്കും മാത്രമേ നന്മയും, സമാധാനവും സൃഷ്ടിക്കുവാൻ കഴിയൂ. മനുഷ്യർക്ക് ദൈവം നൽകിയ സ്വാതന്ത്ര്യം നന്മയും തിന്മയും തിരിച്ചറിഞ്ഞ് വിവേകത്തോടെ ജീവിക്കുവാനാണ്.

സർവ്വ പ്രതാപത്തിലും ഇരിക്കുമ്പോൾ ചിലർക്ക് അല്പം ചില വിവേകമൊക്കെ ഉണ്ടായിട്ട്, മനസാക്ഷിക്കുത്ത് ഉണ്ടായിട്ട്, അസ്വസ്ഥരായി സത്യവും നീതിയും അന്വേഷിക്കാൻ ശ്രമിക്കാറുണ്ട്. അങ്ങനെ ഒരു വ്യക്തിയാണ് സ്വർഗ്ഗരാജ്യം നേടുവാൻ ഞാൻ എന്ത് ചെയ്യണം എന്ന് ചോദിച്ച് യേശുവിന്റെ അടുക്കൽ വന്നത്. ചോദ്യപ്പരീക്ഷയിൽ ചില ഉത്തരങ്ങൾ ശരിയായിരുന്നു. ധനപാഠ പരീക്ഷയിൽ അയാൾ തോറ്റുപോയി. നിന്റെ ധനമെല്ലാം വിറ്റ് എന്നെ അനുഗമിക്കാനായിരുന്നു ക്രിസ്തുവിന്റെ നിർദേശം. ആ നിർദേശം പാലിക്കുവാൻ ആ സത്യാന്വേഷകന് വളരെ ബുദ്ധിമുട്ടായിരുന്നു. അദ്ദേഹത്തിന്റെ ധനം നീതിബോധത്തെ തടസ്സപ്പെടുകയും അതേസമയം ആ ധനം ദൈവമായി പരിണമിക്കുകയും ചെയ്തു. ഒരു വശത്ത് നല്ല കാര്യങ്ങൾ ചെയ്യുമ്പോഴും മറുവശത്ത് അതിനെ നിരാകരിക്കുന്ന രീതിയിൽ ധനത്തിനോട് അത്യാർത്തി ആയിരുന്നതുകൊണ്ടാകാം ആ ധനമെല്ലാം വിറ്റ് ദരിദ്രർക്ക് നൽകിയിട്ട് മുന്നോട്ട് യാത്ര ചെയ്യുവാൻ പറഞ്ഞത്. ദൈവത്തെ പരമാധികാരിയും സംരക്ഷകനുമായി കരുതുന്നുവെങ്കിൽ ദൈവീക നന്മകൾക്ക് വിരുദ്ധമാകുന്ന പ്രവർത്തികളെ ഉപേക്ഷിച്ച് കളയേണ്ടതുണ്ട്. ഉപേക്ഷിക്കുന്നത് വേദനാജനകമെങ്കിലും ആവശ്യമില്ലാത്തത് ഉപേക്ഷിച്ചു കളഞ്ഞാലേ രക്ഷപ്പെടുവാൻ കഴിയൂ. ചില സന്ദർഭങ്ങളിൽ കടലിലൂടെ സഞ്ചരിക്കുന്ന കപ്പലുകൾ ഭാരം നിയന്ത്രിക്കുവാൻ കഴിയാത്ത വിധത്തിൽ മാർഗ്ഗഭ്രംശനം ഉണ്ടാകുമ്പോൾ കപ്പൽ മുങ്ങിപ്പോകാതിരിക്കുന്നതിന് കപ്പലിലുള്ള ഭാരമുള്ള വസ്തുക്കൾ അത് വിലപിടിപ്പുള്ളതാണെങ്കിൽ പോലും കടലിലേക്ക് എറിഞ്ഞുകളയാറുണ്ട്. ജെട്ടിസൺ (Jettison) എന്നാണ് ഈ പ്രക്രിയയ്ക്ക് പറയുന്ന പേര്. സമ്പത്തിനാലോ വ്യക്തിപ്രഭാവത്തിനാലോ, അധികാരഭ്രമത്തിനാലോ സാങ്കേതികവിദ്യയുടെ മായാമോഹത്താലോ നാം അന്ധരായി അത്യധികമായി ഭാരപ്പെടുന്നുവെങ്കിൽ ജെട്ടിസൺ നമ്മുടെ യാനത്തിനും അഭികാമ്യം ആയിരിക്കും.

(തുടരും) ●

പാവന സ്മരണയ്ക്ക്...

സാറാമ്മ മത്തായി ഗീവർഗ്ഗീസ് മത്തായി

കാട്ടയ്ത്ത് മുകളുവിള

(കുണ്ടറ, തൃപ്പിലഴികം സെന്റ് ജോർജ്ജ് ചാപ്പലിനുവേണ്ടി ലേഖകൻ വരച്ച ഡെയ്സിസ് ഐക്കൺ)



Mosaic of the Deisis ,13th century hagia Sophia

ഫാ. തോമസ് ഉമ്മൻ ചെറുവക്കൽ
(തിരുവനന്തപുരം ഭദ്രാസനം)

ഓർത്തഡോക്സ് ഡെയ്സിസ് (Deisis) ഐക്കണും വ്യാഖ്യാനവും

ഐക്കൺ, പുരാതന ഗ്രീക്കിൽ (εἰκών ,ܐܝܩܘܢܐ) ചിത്രം, സാദൃശ്യം എന്നൊക്കെ അർത്ഥമാക്കുന്നു.

"ചിത്രങ്ങളിലും നിറങ്ങളിലും എഴുതിയ ദൈവശാസ്ത്രം" എന്നാണ് ഐക്കണുകളെ വിശേഷിപ്പിച്ചിരിക്കുന്നത്. ഐക്കണുകൾ വെറും ചിത്രങ്ങളല്ല അവ വിശുദ്ധചിത്രങ്ങളാണ്, അത് ചിത്രരൂപത്തിൽ ആത്മീയ സത്യത്തെ അറിയിക്കുന്നു, ചിലപ്പോൾ സ്വർഗ്ഗത്തിലേക്കുള്ള ജാലകങ്ങൾ എന്ന് വിശേഷിപ്പിക്കപ്പെടുന്നു. ഇത് ഒരു ബോധ്യതലത്തിലുള്ളതിനേക്കാൾ സഭയുടെ വിശ്വാസം, പഠിപ്പിക്കലുകൾ, ആരാധന ഇവകൾ അടിസ്ഥാനമാക്കിയുള്ളതാണ്.

ഓർത്തഡോക്സ് ക്രിസ്ത്യാനികൾ ഐക്കണുകളെ ബഹുമാനിക്കുന്നു, പക്ഷേ അവയെ ആരാധിക്കുന്നില്ല. ഐക്കണുകൾ വിഗ്രഹങ്ങളല്ല, കാരണം അത് ആദരിക്കപ്പെടുന്നത് മരമോ ക്യാൻവാസോ പെയിന്റോ ആയല്ല. എല്ലാ ബഹുമതിയും പ്രോട്ടോടൈപ്പിന് (അതായത് ഐക്കൺ ഉപയോഗിച്ച് ചിത്രീകരിച്ചിരിക്കുന്ന വ്യക്തി) കൈമാറുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഒരാൾ ക്രിസ്തുവിന്റെ ഒരു ഐക്കണിനു മുന്നിൽ കുമ്പിട്ട് അതിനെ ചുംബിക്കുന്നത് രക്ഷകനോടുള്ള അവന്റെ അല്ലെങ്കിൽ അവളുടെ സ്നേഹം പ്രകടിപ്പിക്കുകയാകുന്നു. ഒരു വേദപുസ്തക വാക്യത്തെ നാം എങ്ങനെ കാണുന്നുവോ ആ വാക്യങ്ങളുടെ ദൃശ്യാവിഷ്കാരത്തെയും അപ്രകാരം നമുക്ക് ഐക്കണിലൂടെ കാണാൻ കഴിയണം. സുറിയാനി സഭയിൽ പുരാതനമേ ഐക്കണോഗ്രാഫിയുടെ തെളിവുകൾ ആറാംനൂറ്റാണ്ടിൽ എഴുതപ്പെട്ടു എന്ന് കരുതുന്ന പ്രകാശിത സുവിശേഷങ്ങൾ അഥവാ വെളിവായ 4 സുവിശേഷങ്ങളുടെ ചിത്രങ്ങളോടുകൂടിയ Estrangela സുറിയാനി ലിപിയിൽ എഴുതപ്പെട്ട റാബുള ഗോസ്പെൽസിൽ നമുക്ക് കാണാൻ കഴിയുന്നുണ്ട്.

ഭാഗ്യ സ്മരണാർഹനായ അഭിവന്ദ്യ പൗലോസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത പറഞ്ഞിട്ടുണ്ട് "ദിവംഗതനായ ഒരു വ്യക്തിയുടെ ചിത്രം അദ്ദേഹത്തിന്റെ അസാന്നിധ്യം അഥവാ ശൂന്യത വെളിവാക്കുന്നു എന്നാൽ പൗരസ്ത്യ ഐക്കണുകൾ അതിന്റെ (ദൈവീക) സാന്നിധ്യം വെളിവാക്കുന്നു" എന്ന്.

സുറിയാനി ഓർത്തഡോക്സ് പാരമ്പര്യത്തിൽ പരിശുദ്ധ കുർബ്ബാന ആരംഭിക്കുന്നത് "നിന്നെ പ്രസവിച്ച മറിയമും നിന്നെ മാമോദീസ മുക്കിയ യോഹന്നാനും ഞങ്ങൾക്കുവേണ്ടി നിന്നോടപേക്ഷിക്കും ഞങ്ങളോട് കരുണ ചെയ്യണമേ" എന്ന അപേക്ഷാ ഗീതത്തോടെയാണ്. ഇത് ഗീതമായി തന്നെ സ്ളീബാ നമസ്ക്കാരം (ശ്ഹീമ ബുധനാഴ്ച പ്രഭാത നമസ്കാരം) ആദ്യത്തെ എക്ബോയായി ചൊല്ലുന്നുണ്ട്.

ܐ"ܡܪܝܡ ܕܝܠܕܬ ܠܟ ܘܝܘܚܢܢ ܕܡܥܡܕܟ ܒܥܐ ܠܢ ܘܪܚܡ ܥܠܝܢ "

"നിൻ ജനനി മറിയാം സ്നാപകനാം യൂഹാനോൻ എന്നിവരർത്ഥിക്കും നിന്നോട് ഞങ്ങൾക്കായി കൃപ ചെയ്തീടണമേ"

"May Mary who bore you and John who baptized you Intercede for us, have mercy on us"

ഇതിന്റെ ദൃശ്യാവിഷ്ക്കാരമാണ് കൊടുത്തിരിക്കുന്ന ഐക്കൺ. ഇതിന് നൂറ്റാണ്ടുകളുടെ ചരിത്രം ഉണ്ട്. ഇന്നും അത് ഓർത്തഡോക്സ് സഭകളിൽ സാന്നിധ്യം ഉറപ്പിച്ച് വരുന്നു. ഡെയ്സിസ് എന്നാണ് ഐക്കണോഗ്രാഫിയിൽ ഇതിനുപേര് പറയുന്നത്.

ഗ്രീക്ക് പദമായ ഡെയ്സിസ് (δέησις) എന്നതിന് പ്രാർത്ഥന, അപേക്ഷ എന്നൊക്കെയാണ് അർത്ഥം.

യേശുമശിഹ മഹത്വത്തിൽ സിംഹാസനസ്ഥിതനായും ദൈവമാതാവും മോർ യോഹന്നാൻ മാംദോനോയും അപേക്ഷ നടത്തുന്നതായുമുള്ള ഒരുഘടനയാണിതിനുള്ളത്. ബൈസാന്റയിൻ സഭകളിൽ ഹൈക്കലയ്ക്ക് മുകളിലായി മദ്ബഹായെ മറയ്ക്കുന്ന വാതിലുകളിലാണ് (Iconostasis) ഇത് വയ്ക്കാറ്. പരിശുദ്ധ മറിയമും മോർ യോഹന്നാൻ സ്നാപകനും ആണ് ഡെയ്സിസിൽ ഏറെയും എങ്കിലും മറ്റ് ചില പരിശുദ്ധന്മാരെയും ഇതിൽ ഉൾപ്പെടുത്തിവരയ്ക്കാറുണ്ട്. ഇവരിലൂടെ കർത്താവിലേക്ക് നമ്മെ അടുപ്പിക്കുന്നു എന്ന ബോധ്യമാണ് ഇത് പ്രതിനിധാനം ചെയ്യുന്നത്.

ഐക്കൺ സ്ക്രീനിൽ നമ്മുടെ കർത്താവും ദൈവവും രക്ഷകനുമായ യേശുക്രിസ്തു സ്വർഗ്ഗരാജ്യ

ത്തിലെ ന്യായാസനത്തിൽ ഉയർന്നതും പ്രമുഖവുമായ സിംഹാസനസ്ഥനായിരിക്കുന്നതും അവന്റെ ഒരു വശത്ത് ദൈവമാതാവ്, മറുവശത്ത് മോർ യോഹന്നാൻ സ്നാപകൻ അവർ രണ്ടുപേരും അവനിലേക്ക് നോക്കുകയും അവന്റെ സിംഹാസനത്തിലേക്ക് ശരീരം കുനിക്കുകയും ചെയ്യുന്നു. ഇതാണ് ഡെയ്സിസ് ഐക്കൺ. മനുഷ്യ ആടുകളെ കോലാടുകളിൽ നിന്ന് വിധിക്കുന്നതിനുള്ള ഉത്തരവാദിത്തം ഏൽപ്പിക്കപ്പെട്ട വനോട് ഭൂമിയിലെ മനുഷ്യർക്കുവേണ്ടി അവർ മാധ്യസ്ഥം വഹിക്കുന്നു.

ഭൂമിയിലെ മറ്റേതൊരു ജനങ്ങളേക്കാളും കർത്താവായ യേശുവിന്റെ പൂർണതയോട് അടുത്തിരിക്കുന്ന രണ്ടു വ്യക്തികളാണ് ഇവർ. കർത്താവിന്റെ രക്ഷാകരയ പദ്ധതിയിൽ പ്രധാന പങ്കാളികളായി ഇവരെ സഭ കാണുന്നു എന്നുള്ളതുകൊണ്ടായിരിക്കാം കർത്താവിന്റെ മാത്രം ജനനപ്പെരുന്നാൾ ആഘോഷിച്ചിരുന്ന സഭ ഈ രണ്ടു വ്യക്തികളുടെയും ജനനപ്പെരുന്നാൾ ആഘോഷിക്കാൻ തുടങ്ങിയതും വിശുദ്ധ ഖുറോബോയുടെ പരസ്യമായ ആരംഭത്തിൽ അവരോടുള്ള അപേക്ഷാഗീതം കൂട്ടിച്ചേർത്തതും. മാലാഖമാരുമായുള്ള അവന്റെ സാമീപ്യം വ്യക്തമാക്കാൻ സ്നാപകയോഹന്നാന് ചില ഐക്കണുകളിൽ ചിറകുകൾ നൽകിയിട്ടുണ്ട്. പിശാചുക്കളാൽ ആക്രമിക്കപ്പെടുകയും നമ്മെ ആക്രമിക്കുന്ന എല്ലാ പ്രലോഭനങ്ങളാലും വെല്ലു വിളിക്കപ്പെടുകയും ചെയ്തുകൊണ്ട് അവയിലൊന്നിനും കീഴടങ്ങാതെ ഈ ലോകത്തിൽ കടന്നു പോകാൻ എല്ലാസ്ത്രീകൾക്കും പുരുഷന്മാർക്കും തീർച്ചയായും സാധ്യമാണ് എന്നതിന്റെ തെളിവാണ് ഇവർ. സാത്താൻ നമ്മുടെ ജീവിതത്തിൽ വെല്ലുവിളിയുണ്ടാക്കുകയും നിരാശപ്പെടുത്തുകയും ചെയ്യുമ്പോൾ പാപത്തെയും തിന്മയെയും സേവിക്കുന്നതിനുള്ള തങ്ങളുടെ സ്വാതന്ത്ര്യം ഒരിക്കലും വിട്ടുകൊടുക്കാതെ തന്നെ, അവർ നമ്മെപ്പോലെ സ്വാതന്ത്ര്യം എന്ന ദൈവികദാനം സ്വന്തമാക്കിയിരുന്നപോലെ യഥാർത്ഥ ക്രിസ്ത്യാനികൾ ദൈവമാതാവിനെയും വിശുദ്ധ യോഹന്നാൻ സ്നാപകനെയും ചൂണ്ടിമാതൃക കാണിച്ചുകൊണ്ട് ക്രിസ്തീയ ജീവിത സാക്ഷ്യം ഉറപ്പിക്കാൻ കഴിയണം എന്നതാണ് ഈ ഐക്കണിലൂടെ കാണേണ്ടത്.

രാജീവ് തോമസ്
(മുൻ വൈസ്പ്രസിഡന്റ്)

വെരിങ്ങനാട് മർത്തശ്മൂനി ഓർത്തഡോക്സ് വലിയ പള്ളി, മലങ്കരയിലെ പ്രഥമ ശ്മൂനി തീർത്ഥാടനകേന്ദ്രം അതിന്റെ 175-ാം വാർഷികം ആഘോഷിക്കുന്ന ഈ വേളയിൽ അതിരുകളില്ലാതെ ഈ ദേവാലയം തലമുറകളായി പ്രത്യാശയുടെയും സ്നേഹത്തിന്റെയുംആത്മീയ വളർച്ചയുടെയും വെളിച്ചമായി നിലകൊള്ളട്ടെ എന്ന് ആശംസിക്കുന്നു.

ഇന്ന്, ഈ ദേവാലയത്തിന്റെ വിശുദ്ധി നിലനിർത്തി ജ്ഞാനത്തോടും വീക്ഷണത്തോടും കൂടി ഞങ്ങളെ നയിച്ച മുൻകാലങ്ങളിലും ഇപ്പോഴുമുള്ള ആത്മീയനേതാക്കന്മാർക്കും ഇടവകജനങ്ങൾക്കും ഞങ്ങൾ നന്ദിപറയുന്നു. നിങ്ങളുടെ കൂട്ടായ പ്രയത്നങ്ങൾ ഇവിടെ ആരാധന നടത്തിയവരുടെ ആത്മീയ ജീവിതത്തെ സമ്പന്നമാക്കുക മാത്രമല്ല, വിശാലമായ സമൂഹത്തിലെ എണ്ണമറ്റ മറ്റുള്ളവരുടെ ജീവിതത്തെ സ്പർശിക്കുകയും ചെയ്തു.

ഈ വാർഷികദിനത്തിൽ എല്ലാവരെയും സ്വാഗതം ചെയ്യുന്ന, ഹൃദയങ്ങൾ സൗഖ്യമാക്കപ്പെടുന്ന, ക്രിസ്തുവിന്റെ പ്രകാശം തലമുറകളോളം പ്രകാശിക്കുന്ന ഇടമായി ഈ ദേവാലയം തുടരട്ടെ എന്ന് ആശംസിക്കുന്നു.

ശ്മൂനി പ്രവാസിഫോറത്തിന്റെ പ്രവർത്തനങ്ങളെ അഭിനന്ദിക്കുന്നു, അതിന്റെ നേതൃത്വത്തിൽ പുറത്തിറക്കുന്ന ഗർഷോം മാസികയ്ക്ക് എല്ലാവിധമായ ആശംസകളും നേരുന്നു.

പുസ്തക പരിചയം

2190 വർഷങ്ങൾ കടന്നുവന്ന വീരചരിതം

ജിജു തോമസ്

'ശ്മൂനിചരിതങ്ങൾ'എന്ന പുസ്തകം മക്കാബിയരെയും നവസഹദേരെയും സംബന്ധിച്ചുള്ള സമ്പൂർണ്ണമെന്നു പറയാൻ പറ്റില്ലെങ്കിലും ഏറ്റവും വലിയ സമാഹാരമാണുള്ളത്. ഒന്നു മുതൽ എട്ടു വരെയുള്ള മക്കാബിയ പുസ്തകങ്ങളും പ്ശീത്തോ സുറിയാനിയിലെ അഞ്ചു മക്കാബിയ പുസ്തകവും അടക്കം ഒമ്പതു മക്കാബിയ പുസ്തകങ്ങളാണുള്ളത്. പുസ്തകത്തിന്റെ ഒന്നാം ഭാഗത്തിലുള്ളതും, രണ്ടാം ഭാഗത്തിലുള്ളതും നവസഹദേരെക്കുറിച്ചുള്ള സഭാപിതാക്കന്മാരുടെ രചനകളാണ്. മൂന്നാംഭാഗത്തിലുള്ളത് വിശുദ്ധ കുർബ്ബാനക്രമത്തിലും, ശ്ഹീമാ നമസ്ക്കാരത്തിലും മർത്തശ്മൂനിയമ്മയെക്കുറിച്ചും ശ്മൂനി സുതന്മാരെക്കുറിച്ചും പരാമർശിക്കുന്ന ഗീതങ്ങളുമാണ്. ഓരോ പുസ്തകത്തിനും മുൻപായി ആ പുസ്തകത്തെക്കുറിച്ചുള്ള വിവരണം കൊടുത്തിട്ടുണ്ട്.

അവതാരിക എഴുതിയിരിക്കുന്നത് ബഹു. വന്ദ്യനായ ഡോ. കെ. എം. ജോർജ്ജച്ചനാണ്. ആമുഖ പഠനം നടത്തിയിരിക്കുന്നത് ഗവേഷകനായ ഡോ. എം. കുര്യൻ തോമസാണ്.

ഒന്നു മുതൽ മൂന്നു വരെയുള്ള മക്കാബിയ പുസ്തകങ്ങൾ ഹൂദായ കാനോനിൽ അംഗീകൃത പുസ്തകങ്ങളുടെ പട്ടികയിലുള്ളതാണ്. നാലു മക്കാബിയർ എന്ന പുസ്തകം ഹൂദായ കാനോനിലെ പട്ടികകളിൽ ഇല്ലെങ്കിലും ബുക്കാനൻ ബൈബിൾ എന്നറിയപ്പെടുന്ന മാർത്തോമ്മാ ആറാമൻ ബുക്കാനനു സമ്മാനിച്ച ബൈബിളിലടക്കമുള്ള പ്ശിത്തോ സുറിയാനി കയ്യെഴുത്തുപ്രതികളിൽ ഉൾപ്പെടുന്ന പുസ്തകമാണ്. എന്നാൽ വിവിധ കയ്യെഴുത്തുപ്രതികളിൽ വിവിധ പേരുകളിലാണ് ഈ പുസ്തകം ഉൾപ്പെടുത്തിയിരിക്കുന്നത്. അഞ്ച് മക്കാബിയർ എന്ന പേരിലുള്ള രണ്ട് പുസ്തകങ്ങൾ ഈ ഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അറബി മക്കാബിയർ എന്നും അറബിയിലെ രണ്ട് മക്കാബിയർ എന്നും അറിയപ്പെടുന്നതും പാശ്ചാത്യ പണ്ഡിതർ 5 മക്കാബിയർ എന്നു വിളിക്കുന്നതുമായ പുസ്തകമാണ് ഒന്ന്. ഈ പുസ്തകം എബ്രായ ഭാഷയിലാണ് എഴുതിയതെന്ന് കരുതുന്നുവെങ്കിലും അറബിയിലും അറബി കർസോനിയിലും ഉള്ള പകർപ്പുകൾ മാത്രമേ ഇപ്പോൾ ലഭ്യമായിട്ടുള്ളൂ. അഞ്ച് മക്കാബിയർ എന്നപേരിലുള്ള (പ്ശീത്തോ 5 മക്കാബിയർ) രണ്ടാമത്തെ പുസ്തകം പ്ശീത്തോ സുറിയാനി വേദപുസ്തകങ്ങളിൽ ഉൾപ്പെടുന്ന ഒരു പുസ്തകമാണ്. യഹൂദ ചരിത്രകാരനായ ഫ്ലേവിയസ് ജോസഫസിന്റെ 'യഹൂദയുദ്ധം' എന്ന ഗ്രന്ഥത്തിലെ ഒരുഭാഗത്തിന്റെ സുറിയാനി പരിഭാഷയാണ് ഇത്. മക്കാബിയർ യരുശലേം നഗരം വീണ്ടെടുക്കുകയും യെരുശലേം ദേവാലയം പുനരുദ്ധരിക്കുകയും ചെയ്തതിനു ശേഷം യെരുശലേം എങ്ങനെ നശിച്ചു എന്നതിന്റെ ചരിത്രമാണ് പ്ശീത്തോ 5 മക്കാബിയരിൽ പ്രതിപാദിക്കുന്നത്.

6 മക്കാബിയർ എന്ന് അറിയപ്പെടുന്ന പുസ്തകം സെരൂഗിലെ യാക്കോബിന്റെ മെമ്രയുടെ രീതിയിലുള്ള 680 വരികളുള്ള ഒരു പദ്യമാണ്. മലങ്കര മെത്രാപ്പോലിത്തയായിരുന്ന പുന്നത്ര മാർ ദിവന്നാസിയോസിന്റെ കാലത്ത് കൽക്കട്ട ബിഷപ്സ് കോളജിന്റെ പ്രഥമ പ്രിൻസിപ്പലായിരുന്ന റവ. വില്യം ഹോഡ്ജ് മിൽ മലങ്കര സന്ദർശിച്ച സമയത്ത് അദ്ദേഹത്തിന് സമ്മാനമായി നല്കിയ സുറിയാനി കയ്യെഴുത്തു പുസ്തകങ്ങളിലൊന്നാണ് ഇത്. ഇപ്പോൾ ഈ സുറിയാനി കയ്യെഴുത്തുപുസ്തകം ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിലെ ബോഡ്ലിയൻ ലൈബ്രറിയിൽ സൂക്ഷിച്ചിരിക്കുന്നു. 1895 ലാണ് ആദ്യമായി ഈ പുസ്തകം പരിഭാഷയടക്കം പ്രസിദ്ധീകരിക്കുന്നത്. അതിനു ശേഷം 2006 ൽ പരിഷ്കരിച്ച പരിഭാഷ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അമ്മയുടെ പേര് ശ്മൂനി എന്നും മക്കളുടെ പേര് സുറിയാനി പാരമ്പര്യ പ്രകാരമുള്ളതും ഈ പുസ്തകത്തിൽക്കാണാം. 6 മക്കാബിയരിൽ ഏലിയാസാറിന്റെ രക്തസാക്ഷിത്വത്തെക്കുറിച്ചും പ്രതിപാദിക്കുന്നുണ്ട്.

6 മക്കാബിയരിലെപ്പോലെ രക്തസാക്ഷി മരണത്തെക്കുറിച്ചുള്ള വിവരണങ്ങളും അമ്മയുടെയും മക്കളുടെയും സംഭാഷണങ്ങളുമാണ് 7 മക്കാബിയരിലെയും

ഉള്ളടക്കം. എന്നാൽ 7 മക്കാബിയരിൽ ഏലിയാസാറിന്റെ രക്തസാക്ഷി മരണത്തെക്കുറിച്ചുള്ള വിവരണമില്ല. അമ്മയുടെ പേര് മറിയം എന്നും ശ്മൂനി എന്നും എഴുതിയിരിക്കുന്നു.

മക്കാബിയ പുസ്തകങ്ങളുടെ കൂട്ടത്തിൽ ഏറ്റവും ചെറിയഗ്രന്ഥമാണ് '8 മക്കാബിയർ'. മർത്തശ്മൂനിയുടെയും മക്കളുടെയും കബറിടത്തെക്കുറിച്ച് 8 മക്കാബിയരിൽ പറയുന്നുണ്ട്.

ഈ പുസ്തകത്തിന്റെ രണ്ടാംഭാഗത്തിൽ ആദിമ സഭാപിതാക്കന്മാർ നവസഹദേരേക്കുറിച്ച് എഴുതിയ ഗീതങ്ങളും പ്രഭാഷണങ്ങളുമാണ്. കപ്പദോക്യൻ പിതാക്കന്മാരിലൊരാളായ നാസ്സിയാൻസിലെ മാർ ഗ്രിഗോറിയോസിന്റെ പ്രഭാഷണമാണ് അതിലൊന്ന്. ഗ്രീക്ക് ഭാഷയിൽ നിന്ന് സുറിയാനിയിലേക്ക് കുപ്രോസിലെ മാർ പൗലോസ് എന്നറിയപ്പെടുന്ന എഡേസ്സയിലെ മെത്രാപ്പോലീത്തയായിരുന്ന മാർ പൗലോസാണ് പരിഭാഷപ്പെടുത്തിയത്. സുറിയാനിയിൽ നിന്ന് മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയാണ് ഈ ഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

മറ്റൊന്ന് അന്ത്യോക്യയിലെ പാത്രിയർക്കീസായിരുന്ന മാർ സേവേറിയോസിന്റെ ഒരു മെമ്രയാണ്. സുറിയാനിയിൽ രണ്ട് കാലഘട്ടത്തിൽ ഉണ്ടായ പരിഭാഷകളിൽ ആദ്യത്തെ പരിഭാഷയാണ് ഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന മലയാള പരിഭാഷയ്ക്കാധാരം.

സ്വർണ്ണനാവുകാരനായ മാർ ഈവാനിയോസ് (മാർ ജോൺ ക്രിസോസ്റ്റം) നടത്തിയ മൂന്നു പ്രഭാഷണങ്ങൾ ശ്മൂനി ചരിതങ്ങളിലെ രണ്ടാം ഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മർത്തശ്മൂനിയുടെയും ഏഴുമക്കളുടെയും ഏലിയാസാറിന്റെയും പെരുന്നാളിനോടനുബന്ധിച്ച് നടത്തിയവയാണ് ഈ പ്രഭാഷണങ്ങൾ.

മാർ അപ്രേം മർത്തശ്മൂനിയമ്മയെയും ഏഴു മക്കളെയും കുറിച്ചെഴുതിയ ഒരു മദ്റോശോയും രണ്ടാം ഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അഞ്ച് വരികൾ വീതമുള്ള 33 ഖണ്ഡികകൾ ഉൾക്കൊള്ളുന്നതാണ് ഈ മദ്റോശോ.

നമ്മുടെ ആരാധനാഗീതങ്ങളിൽ മർത്തശ്മൂനിയെ പരാമർശിക്കുന്ന നാല് ഗീതഭാഗങ്ങളും, ഈ ഗീതങ്ങളെക്കുറിച്ച് അഭി. ഡോ. സഖറിയാസ് മാർ അപ്രേം മെത്രാപ്പോലിത്ത എഴുതിയ ഒരു പഠനവുമാണ് മൂന്നാം ഭാഗത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

അനുബന്ധമായി പേരുകളെക്കുറിച്ചുള്ള ഒരു പഠനവും, കോനാട്ട് എബ്രഹാം മൽപാൻ ഒന്നാമൻ എഴുതിയ നമസ്ക്കാരക്രമത്തിലെ പെരുന്നാൾ പട്ടികയിൽ മർത്തശ്മൂനിയമ്മയുടെയും ഏഴുമക്കളുടെയും മാർ ഏലിയാസാറിന്റെയും പെരുന്നാൾ രേഖപ്പെടുത്തിയിരിക്കുന്ന പേജിന്റെ ചിത്രവും (അമ്മയുടെയും മക്കളുടെയും പേര് രേഖപ്പെടുത്തിയിട്ടുണ്ട് എന്ന പ്രത്യേകത ഈ പേജിനുണ്ട്), ബുക്കാനൻ ബൈബിളിലെ മക്കാബിയ പുസ്തകത്തിൽ നവസഹദേരുടെ ഐക്കൺ രേഖപ്പെടുത്തിയിരിക്കുന്ന പേജിന്റെ ചിത്രവും ഉൾപ്പെടുത്തിയിരിക്കുന്നു. ബുക്കാനൻ ബൈബിളിൽ നിന്നുള്ള പേജിന്റെ ചിത്രം കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയുടെ മുൻകൂർ അനുമതിയോടെയാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. ഇതേ ചിത്രമാണ് മുൻകവർ പേജായി ഉപയോഗിച്ചിരിക്കുന്നത്. ബുക്കാനൻ ബൈബിൾ മലങ്കര മെത്രാപ്പോലിത്തയായിരുന്ന ആറാം മാർത്തോമ്മ (വലിയ മാർ ദിവന്നാസിയോസ്) ക്ലോഡിയസ് ബുക്കാനന് നൽകിയതാണ്. ഇപ്പോൾ ഇത് കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി ലൈബ്രറിയിൽ സൂക്ഷിച്ചിരിക്കുന്നു. കൂടാതെ നവസഹദേരുടെ വിവിധ ഐക്കണുകളും ചിത്രങ്ങളും കൂടി ഈ ഗ്രന്ഥത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

മർത്തശ്മൂനിയമ്മയെയും ഏഴുമക്കളെയും മാർ ഏലിയാസാറിനെയും മക്കാബിയരെയും കുറിച്ചുള്ള മറ്റ് അനവധിഗ്രന്ഥങ്ങൾ ഉണ്ടെന്നുള്ള പരാമർശങ്ങൾ ലഭ്യമാണ്. ഒരു പക്ഷേ ശ്മൂനിചരിതങ്ങളുടെ രണ്ടാംവാല്യത്തിനുള്ള പുസ്തകങ്ങളും രചനകളും ലഭ്യമായേക്കാം. മക്കാബിയരുമായി ബന്ധപ്പെട്ട അനവധി പുസ്തകങ്ങൾ പാശ്ചാത്യ പണ്ഡിതർ കണ്ടെത്തി പ്രസിദ്ധീകരിക്കുന്നുണ്ട്. ഇവയിൽ മലങ്കരസഭയുടെ പക്കലുണ്ടായിരുന്നതുമുണ്ട്.

മർത്തശ്മൂനിയമ്മയെയും ഏഴുമക്കളെയും മാർ ഏലിയാസാറിനെയും കുറിച്ചുള്ള കൂടുതൽ വിവരങ്ങളും അവരുടെ വിശ്വാസ സ്ഥൈര്യത്തെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുവാനും 'ശ്മൂനിചരിതങ്ങൾ' എന്ന ഈ ഗ്രന്ഥം സഹായിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

●

റിപ്പോർട്ട്

കർമ്മവീഥികളിലൂടെ...

വരസ്പരം അകലുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ ദേവാലയത്തിലെ എല്ലാ പ്രവാസികളും അവരുടെ കുടുംബങ്ങളും ഒന്നിച്ചുചേരുന്നതിനും നമ്മുടെ കുടുംബാംഗങ്ങളെ പരസ്പരം മനസ്സിലാക്കുന്നതിനുമായി രൂപീകരിച്ച ശ്മൂനി പ്രവാസി ഫോറം അതിന്റെ ശൈശവകാലം പിന്നിട്ടിരിക്കുകയാണ്. ഈ ദേവാലയത്തിൽ നിന്നും ആർജിച്ച ഊർജവുമായി ലോകത്തിന്റെ നാനാഭാഗങ്ങളിൽ തങ്ങളുടെതായ ജീവിതതിരക്കുകൾ ക്കിടയിലും അൽപസമയം പ്രവർത്തനത്തിനായി കണ്ടെത്തുന്ന ഒരുകൂട്ടം പ്രവാസികൾ ആണ് ശ്മൂനി പ്രവാസി ഫോറത്തിന്റെ നട്ടെല്ല്.

എല്ലാമാസവും ചേരുന്ന ഓൺലൈൻമീറ്റിംഗുകളിൽ കൂടി അംഗങ്ങളുടെ ആത്മീയവളർച്ചയ്ക്കും, മാതൃ ഇടവകയുമായുള്ള ബന്ധം ദൃഢമാക്കുന്നതിനും സാധിക്കുന്നു. 175-ാമത് പെരുന്നാളിനോട് അനുബന്ധിച്ചു ഇടവകയോടുചേർന്ന് നിന്നുകൊണ്ട് പ്രവർത്തിക്കുവാൻ പ്രവാസിഫോറത്തിന് സാധിക്കുന്നു. ബഹു. തോമസ് പി. മുകളിൽ അച്ചൻ രചനയും സംഗീതവും നിർവഹിച്ച് പ്രശസ്ത പിന്നണി ഗായകൻ ശ്രീ. മധു ബാലകൃഷ്ണൻ ആലപിച്ച ഒരു വിളമ്പരഗാനം ഇറക്കുവാൻ പ്രസ്ഥാനത്തിനുസാധിച്ചു. 'അന്നം ഔഷധം' സൺഡേ ക്ലിനിക്കുകൾ, ഇടവകയിലെ തണൽ പെൻഷൻ പദ്ധതി സഹായം, എല്ലാമാസവും പ്രസിദ്ധീക രിക്കുന്ന ഗർഷോം ഓൺലൈൻബുള്ളറ്റിൻ എന്നിവ ഇതിനുദാഹരണങ്ങൾ ആണ്. പ്രവാസി സംഗമം, സീനിയർ പ്രവാസികളെ ആദരിക്കൽ, ചികിത്സാധനസഹായം, സ്വയംതൊഴിൽ ധനസഹായം, ആതുരാലയ സന്ദർശനം, മ്യൂസിക് കോമ്പറ്റീഷൻ തുടങ്ങിയവ ഈ പെരുന്നാൾ ദിവസങ്ങളിൽ ശ്മൂനിപ്രവാസി ഫോറ ത്തിന്റെ നേതൃത്വത്തിൽ നടത്തുന്ന ചില പെരുന്നാൾ പ്രവർത്തനങ്ങൾ ആണ്. തുടർന്നും ഈ പ്രവാസി ഫോറം കൂടുതൽ ശക്തിയാർജിച്ചു പോകുവാൻ മർത്തശ്മൂനിയമ്മ നാമോരോരുത്തരെയും ബലപ്പെടു ത്തട്ടെയെന്നും നമ്മുടെ പ്രവർത്തനങ്ങളും മനസ്സും സ്നേഹവും എപ്പോഴും നമ്മുടെ ഇടവകയോടും നാമോരോരുത്തരുടെ മേലും എന്നും ഉണ്ടാകട്ടെയെന്നും പ്രാർത്ഥിക്കുന്നു.

സെക്രട്ടറി
ജോബിൻ ജോൺ

റവ. ഫാ. തോമസ് പി. മുകളിൽ (പ്രസിഡന്റ്)

അനിൽ ജോൺ (വൈസ് പ്രസിഡന്റ്)

ജോബിൻ ജോൺ (സെക്രട്ടറി)

ബൈജു ഡാനിയേൽ (ജോ.സെക്രട്ടറി)

ജിക്കു വർഗ്ഗീസ് (ട്രഷറാർ)

എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ

രാജീവ് തോമസ്

ഷിജു മത്തായി

വിൻസി ജോർജ്ജ്

റിബു ബേബി

അനു എബ്രഹാം

വിവിൻ ജി. വർഗ്ഗീസ്

സുനോജ് തങ്കച്ചൻ

അനുപ് ഡി.യോഹന്നാൻ

ഷിനു മത്തായി

ഷിജോ ജോൺ

ജിനോ ജോർജ്ജ്

പ്രസാദ് പി.

ലിജു തോമസ്

ജസ്റ്റിൻ ജോയി

ജിബു തോമസ്

ഡോജി മാത്യു

ആൻസൺ കെ. മാത്യു (എക്സ് ഒഫിഷ്യോ)

അന്നം ഔഷധം, സൺഡേക്ലിനിക്ക്

എനിക്ക് വിശന്നു, നിങ്ങൾ ഭക്ഷണംതന്നു; എനിക്ക് ദാഹിച്ചു നിങ്ങൾ കുടിക്കുവാൻ തന്നു; ഞാൻ അപരിചിതനായിരുന്നു, നിങ്ങൾ എന്നെ ചേർത്തുകൊണ്ടു. (വി. മത്തായി . 25:35)

ക്രൈസ്തവ സാക്ഷ്യത്തിന് ഉതകുമാറ് വിവിധ മേഖലകളിലെ അശരണർക്ക് തങ്ങളാൽ ആവും വിധം കൈതാങ്ങ് നൽകുന്ന പദ്ധതിയാണ് ശ്മൂനി പ്രവാസി ഫോറത്തിന്റെ ആഭിമുഖ്യത്തിൽ ഇടവകയുടെ ജൂബിലി വർഷത്തിൽ ആരംഭം കുറിച്ച അന്നം ഔഷധം പദ്ധതി. അപേക്ഷകൾ നൽകാതെ അവശ്യങ്ങളെ മനസ്സിലാക്കി ഭക്ഷണവും ഔഷധവും വൈദ്യപരിശോധനകളും ഈ പദ്ധതിയിലൂടെ നൽകിവരുന്നു. ദൈവാലയത്തിലെ സന്നദ്ധ സേവകരായ ഒരുകൂട്ടം പ്രവർത്തകരാണ് ഈ പദ്ധതിയെ പ്രയോജനകരവും ജനപ്രിയവുമാക്കി മാറ്റിക്കൊണ്ടിരിക്കുന്നത്.

ഹൈന്ദവ മതഗ്രന്ഥമായ ഭഗവത്ഗീതയിൽ പറയുന്നത് പോലെ 'അന്നാദ്ഭവന്തിഭൂതാനി' (ഭക്ഷണമാണ് ഔഷധം) ആ ഔഷധങ്ങൾ വേണ്ടുന്നവർക്ക് യഥാവിധം എത്തിച്ചു നൽകാൻ സാധിച്ചു എന്നുള്ള ചാരിതാർഥ്യവും ആത്മസംതൃപ്തിയുമാണ് മനം നിറയെ.!

ഇടവകയിലെ ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനായി എല്ലാംമാസവും രണ്ടാമത്തെ ഞയറാഴ്ച്ച വി.കുർബാനക്ക് ശേഷം പള്ളിയിൽ വെച്ച്, ഡയബെറ്റിക്ക്, ബ്ലഡ് പ്രഷർ എന്നിവ സൗജന്യമായി പരിശോധിക്കുന്നതിനോടൊപ്പം ഇടവകയിൽ പാലിയേറ്റിവ്കെയർ ആവശ്യമുള്ളവർക്ക് അവ ചെയ്തുകൊടുക്കുന്നതിനുമുള്ള ക്രമീകരണങ്ങൾ ചെയ്തുവരുന്നു.

വോളന്റിയേഴ്സ്

ആലീസ് എൻസൺ

ജോളി തോമസ്

ജോളി ശമുവേൽ

രാജേഷ് ബേബി

ഷീലു പ്രസാദ്

ബൈജു റ്റി.

ലിബിൻ ഇടിക്കുള



ഉപകാരസ്മരണ

ഒരു വിശ്വാസി

30th Death Anniversary



G Thomas
Plavara PuthenVeedu
(Demise on 01 November 1994)

ആശംസകളോടെ....

V&V

ELECTRICALS & PLUMBING WORKS

MOONNALAM, ADOOR

Mob : 9207248315, 9188004438, 7510269129

പാവനസ്മരണയ്ക്ക്
ഗീവർഗ്ഗീസ് ബേബി
ഗീവർഗ്ഗീസ് ചാക്കോ
വടക്കടത്ത് ചെറുതിട്ടയിൽ
തങ്കമ്മ ഗീവർഗ്ഗീസ്

പാവനസ്മരണയ്ക്ക്
മത്തായി തോമസ്
അമ്മിണി തോമസ്
രാജീവ് സദനം

ഇടവക വാർത്തകൾ

175-ാമത് പെരുന്നാൾ കൊടിയേറ്റ് റവ. ഫാ. കെ. എം. ജോർജ് നിർവഹിക്കുന്നു. ഇടവക വികാരി റവ. ഫാ. തോമസ് പി. മുകളിൽ, റവ. ഫാ. പി. എം. എബ്രഹാം, ട്രസ്റ്റി ജിതിൻ തോമസ്, സെക്രട്ടറി വിൻസെന്റ് ഗീവർഗീസ്, പെരുന്നാൾ കൺവീനർ ജോൺസൻ കുളത്തിൻ കരോട്ട് എന്നിവർ സമീപം.

ശ്മൂനി വിളക്കിലെ മോർ ഏലിയാസറിന്റെ ദീപം ഇടവക വികാരി റവ. ഫാ. തോമസ് പി. മുകളിൽ തെളിയിച്ചപ്പോൾ.

മക്കാബിയ പുസ്തകങ്ങളും, പിതാക്കന്മാരുടെ രചനകളും ആദ്യമായി മലയാളത്തിലേക്ക് തർജ്ജിമ ചെയ്ത് പെരിങ്ങനാട് മർത്തശ്മൂനി ഓർത്തഡോക്സ് വലിയപള്ളി പ്രസിദ്ധീകരിച്ച 'ശ്മൂനി ചരിതങ്ങൾ' ഗ്രന്ഥപ്രകാശനത്തിന്റെ ഉദ്ഘാടനം റവ. ഫാ. ഡോ. കെ. എം. ജോർജ്ജ് നിർവഹിക്കുന്നു.

ആശംസകളോടെ...

Ph: 9895302219, 9746577326

THENGUMTHARA, PAZHAKULAM

asianpaints

Berger Paint your Imagination

Wall Maax Paints

INDIGO PAINTS

MRF Vapocure Paints

DR. FIXIT

"ഏഴു ദിനങ്ങൾ പോൽ വീരർ തൻ മാതാ
ഏഴിൻ കൊമ്പുകളും ദീപത്തണ്ടുകൾ പോൽ
ഏഴാകും സുദ്യുഢ – ജ്ഞാനത്തൂണുകൾ – പോൽ
ഏഴിൻ ഫലമേകും – മധുരത്തരുവതു – പോൽ
വാഴ്വുടയോനവരെ മുടി ചൂടിക്കുന്നോൻ"

മാർ അപ്രേമിന്റെ മദ്റോശോ, ശ്മൂനി ചരിതങ്ങൾ

RohiniGraphics
9961128042